

“നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ”
*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20,1887


വാല്യം 89   ലക്കം 11   മെയ് 2017

# ഉള്ളടക്കം

സർക്കുലർ (17 Ch. 173-248). .......... 7
സർക്കുലർ (17 Ch.174-249) .......... 11
കച്ചേരിക്കാര്യം .......... 13
അതിരൂപതാദിനാചരണം .......... 14
അനുസ്മരണം - റവ. ഫാ. സിറിയക്ക് കൊളങ്ങോട്ടിൽ . 15
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി .......... 18
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 19
സന്ദേശനിലയം .......... 21
ചെറുപുഷ്പ മിഷൻലീഗ് .......... 24
ഇറ്റാവാമിഷൻ സമാചാർ .......... 26
കെ.സി.എസ്.എൽ. .......... 28
ഫാമിലി അപ്പോസ്റ്റലേറ്റ്. .......... 29
യുവദീപ്തി - എസ്.എം.വൈ.എം. .......... 31
ആത്മതാകേന്ദ്രം .......... 33
ചാസ് .......... 35
ദലിത് കത്തോലിക്കാ മഹാജനസഭ .......... 40
വിൻസെൻഷ്യൻ വേദി .......... 41
ആവേമരിയ .......... 42
ഫ്രാൻസിസ്കൻ അല്മായസഭ .......... 43
പൗരോഹിത്യ ആദ്ധ്യാത്മികത .......... 44
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 51
Engagements. .......... 54
വാർത്തകൾ .......... 58

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org



# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

## 92–ാം ചരമവാർഷികം

## ജൂൺ 2, 2017

**വിശുദ്ധ കുർബാനയോടുള്ള സ്നേഹവും ഭക്തിയും സമർപ്പണവും കാലദേശങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തുകയും ലോകാതിർത്തികൾ വരെ അതിന്റെ പ്രഘോഷകരായിത്തീരുവാൻ തന്റെ അജഗണങ്ങളെ പ്രേരിപ്പിക്കുകയും എല്ലാ മനുഷ്യരെയും ദിവ്യകാരുണ്യ സ്നേഹത്താൽ ജ്വലിപ്പിക്കുകയും ചെയ്ത ധന്യൻ മാർ തോമസ് കുര്യാളശ്ശേരി.**

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 92-ാം ചരമവാർഷികാചരണം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ ശൈശവദശയിൽ അതിന് നേതൃത്വം കൊടുക്കുകയും ഉറച്ച ആദ്ധ്യാത്മിക അടിത്തറയിൽ വിശ്വാസികളെ രൂപപ്പെടുത്താൻ തീക്ഷ്ണതയോടെ പരിശ്രമിക്കുകയും ചെയ്ത വന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ 92-ാം ചരമവാർഷികമാണല്ലോ അടുത്ത ജൂൺ രണ്ട്.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപിതാവിനെ ചങ്ങനാശ്ശേരി അതിരൂപതയുടെ നാൾവഴികളിൽ നാം അനുസ്മരിക്കുന്നത് "വി. കുർബാനയുടെ പ്രേഷിതൻ" എന്ന നിലയിലാണ്. ഒരു മിശിഹാനുയായിയുടെ ആധ്യാത്മിക ജീവിതം സഭയുടെ ആരാധനക്രമത്തിൽ അധിഷ്ഠിതമായിരിക്കണമെന്ന് സഭ പഠിപ്പിക്കുന്നു. സഭയുടെ ആരാധനക്രമത്തിന്റെ ഹൃദയം വി. കുർബാനയാണ്. ആകയാൽ ശരിയായ ക്രൈസ്തവാധ്യാത്മികത വി. കുർബാനയെ കേന്ദ്രീകരിച്ചാണ് നിലകൊള്ളുന്നത്. ഇക്കാര്യത്തെക്കുറിച്ച് സൂക്ഷ്മമായ ദർശനവും ആഴമായ ബോധ്യവും കുര്യാളശ്ശേരിപിതാവിനുണ്ടായിരുന്നു. സഭാ ജീവിതത്തിന്റെ എല്ലാ വശങ്ങളലേക്കും വെളിച്ചം വീശുകയും സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തി സ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്ന വി. കുർബാനയുടെ അതുല്യ പ്രാധാന്യത്തെക്കുറിച്ചുള്ള പിതാവിന്റെ ബോധ്യവും അതുളവാക്കിയ സത്ഫലങ്ങളും കാലത്തെ അതിജീവിക്കുകതന്നെ ചെയ്യും. തന്റെ ബോധ്യത്തിന്റെ സാക്ഷാത്കാരവും തലമുറകളിലൂടെയുള്ള അതിന്റെ തുടർച്ചയും ഉറപ്പുവരുത്തുവാൻ വി. കുർബാനയുടെ ആരാധനാ സന്ന്യാസിനി സമൂഹത്തിന് (SABS) അദ്ദേഹം രൂപം കൊടുത്തു. ഒരു നൂറ്റാണ്ടു പിന്നിട്ടിരിക്കുന്ന ഈ സന്ന്യാ

സിനിസമൂഹം സ്ഥാപകപിതാവിലൂടെ ലഭിച്ച ദർശനവും സിദ്ധിയും തുടർന്നുകൊണ്ടുപോകുവാൻ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും വിജയം വരിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

"മിശിഹായിൽ എല്ലാം നവീകരിക്കുക" എന്നതാണ് തന്റെ അജപാലന ശുശ്രൂഷയുടെ ആദർശമായി പിതാവ് സ്വീകരിച്ചത്. ഈ ആദർശം തന്റെ അജഗണങ്ങളുടെ ആധ്യാത്മികവും ഭൗതികവുമായ ജീവിതത്തിൽ അന്വർത്ഥമാക്കാൻ പിതാവ് അക്ഷീണം യത്നിച്ചു. സമൂഹത്തിന്റെ അടിത്തറയായ കുടുംബം ഗാർഹികസഭയാണെന്ന ഉത്തമബോധ്യത്തോടെ പ്രാർത്ഥനയിലും വിശുദ്ധിയിലും അതിനെ വളർത്തുവാൻ പിതാവ് അദ്ധ്വാനിച്ചു. ഇന്നത്തെ വെല്ലുവിളികളെ അതിജീവിച്ച് സ്നേഹത്തിലും വിശുദ്ധിയിലും ധാർമ്മികതയിലും കുടുംബങ്ങൾ നിലനില്ക്കുവാൻ കുടുംബ നവീകരണ സംബന്ധമായി പിതാവു നൽകിയ ഉപദേശങ്ങൾ ഏറെ വിലപ്പെട്ടതാണ്. കുടുംബത്തെ വിശ്വാസജീവിതത്തിന്റെ പരിശീലന കളരിയായിട്ടാണ് പിതാവ് കാണുന്നത്. "മക്കൾ ദൈവത്താൽ മാതാപിതാക്കൾക്ക് ഏല്പിച്ചു കൊടുക്കപ്പെട്ട പണയവസ്തുക്കൾ ആകുന്നുവെന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു." (PL. 28) കുട്ടികളെ സംബന്ധിച്ചുള്ള മാതാപിതാക്കളുടെ മുഖ്യമായ കടമ അവരെ ദൈവഭയത്തിൽ വളർത്തുന്നതാകുന്നു. ദൈവത്തിന്റെ മാതൃത്വവും പിതൃത്വവും മനുഷ്യരുമായി പങ്കുവച്ച് ജന്മംകൊള്ളുന്ന മക്കൾ ദൈവത്തിനാണെന്ന് മാതാപിതാക്കൾ മനസ്സിലാക്കണം. ദൈവത്തെ സ്നേഹിക്കുന്നവരും ദൈവകല്പനകൾ അനുസരിക്കുന്നവരുമായി അവരെ വളർത്തണം.

"തെറ്റായ ഏതു പ്രവൃത്തിയെയും അപലപിക്കാനുള്ള ധീരതയും വിവേകവും ജാഗ്രതയും വിശ്വസ്തതയും സുതാര്യതയും" (MV 19) വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ അദ്ദേഹം വച്ചുപുലർത്തി. അന്നു സമൂഹത്തിൽ നിലനിന്നിരുന്ന മദ്യപാനം, ആഡംബരം, ധൂർത്ത്, അശ്ലീല നാടകങ്ങൾ, വ്യവഹാരം, നിശാഘോഷങ്ങൾ തുടങ്ങിയ എല്ലാ സാമൂഹിക തിന്മകളെയും അദ്ദേഹം തുറന്നെതിർക്കുകയും അവയ്ക്കെതിരെ തൂലിക ചലിപ്പിക്കുകയും ചെയ്തു.

മനുഷ്യജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള ഗൗരവമായ പ്രാധാന്യവും ആധുനിക യുഗത്തിലെ സാമൂഹിക പുരോഗതിയിൽ വിദ്യാഭ്യാസം ചെലുത്തുന്ന സ്വാധീനവും മനസ്സിലാക്കിയിരുന്ന പിതാവിന് വിദ്യാഭ്യാസത്തെ


ക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. "മനസ്സിന്റെ സംസ്കരണമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും സ്ത്രീ വിദ്യാഭ്യാസത്തിലൂടെ കരകളെയും ദേശത്തെയും നവീകരിക്കുകയും ഗുണീകരിക്കുകയും ചെയ്യാമെന്നും പിതാവു വിശ്വസിച്ചിരുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിതമായ ഇംഗ്ലീഷ് മലയാളം സ്കൂളുകളും അധ്യാപക പരിശീലനത്തിനായി വാഴപ്പള്ളിയിൽ തുടങ്ങിയ ട്രെയിനിംഗ് സ്കൂളും വിദ്യാഭ്യാസ വിഷയത്തിൽ തന്റെ രൂപതയ്ക്ക് ഒരു നവോത്ഥാനം തന്നെ നല്കി. ചങ്ങനാശ്ശേരിയിൽ ഉന്നതവിദ്യാഭ്യാസത്തിനായി ഒരു കോളേജ് സ്ഥാപിക്കുകയെന്നത് അദ്ദേഹത്തിന്റെ ദൃഢവ്രതമായിരുന്നു. മദ്രാസ് സർവകലാശാലയുടെ കീഴിൽ 1922 ൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിന് തുടക്കം കുറിച്ചു. വിദ്യാഭ്യാസപരമായ പിതാവിന്റെ പരിശ്രമങ്ങൾ എല്ലാ സമുദായങ്ങൾക്കും വിശിഷ്യാ കത്തോലിക്കാ സമുദായത്തിന് നിരവധി നന്മകളും ദിശാബോധവും, ആധ്യാത്മിക അടിത്തറയും പ്രദാനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനം നമുക്കെന്നും മാർഗ്ഗദീപമാകട്ടെ.

കുര്യാളശ്ശേരി പിതാവിന്റെ അജപാലന ശുശ്രൂഷയും അതിന്റെ സത്ഫലങ്ങളും നമുക്കു വിസ്മരിക്കാനാവില്ല, രൂപതയിലെ അജപാലനപ്രവർത്തനങ്ങൾക്ക് അദ്ദേഹം ചിട്ടയും ക്രമവും നൽകി. യഥാർത്ഥമായ സാമൂഹിക പുരോഗതിക്ക് ശക്തമായ ധാർമ്മികാടിത്തറ ഉണ്ടായിരിക്കണമെന്ന് ബോധ്യമുണ്ടായിരുന്ന പിതാവ് പ്രബോധനാത്മകമായ 113 ഇടയലേഖനങ്ങളിലൂടെ ജനത്തെ സത്യമാർഗ്ഗത്തിലേക്കു നയിച്ചു. പിതാവിന്റെ ഹ്രസ്വമെങ്കിലും തീക്ഷ്ണവും കുർബാനകേന്ദ്രീകൃതവുമായ അജപാലന ശുശ്രൂഷ ദൈവസ്നേഹത്താൽ ദീപ്തവും ആത്മീയവും ഭൗതികവുമായ വിവിധ തലങ്ങളെ പുൽകുന്നതുമായിരുന്നു. പിതാവിലൂടെ സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച് അതിരൂപതയ്ക്കും ലഭിച്ച നിരവധി അനുഗ്രഹങ്ങളെ നന്ദിപൂർവ്വം സ്മരിച്ച് ദൈവത്തെ നമുക്കു സ്തുതിക്കാം.

കുര്യാളശ്ശേരി പിതാവിന്റെ 92-ാം ചരമവാർഷികസുദിനമായ ജൂൺ 2-ാം തീയതിക്കൊരുക്കമായുള്ള തിരുക്കർമ്മങ്ങൾ മെയ് 26-ാം തീയതി വെള്ളിയാഴ്ച 3 മണിക്ക് പാറേപ്പള്ളിയിൽനിന്നും ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിലേക്ക് നടത്തുന്ന തീർത്ഥാടന പദയാത്രയോടെ ആരംഭിക്കുന്നതായിരിക്കും. തുടർന്നുള്ള ദിവസങ്ങളിൽ മൂന്നര മുതൽ നാലര

വരെ ദിവ്യകാരുണ്യ ആരാധനയും നാലരയ്ക്ക് വി. കുർബാനയും വചന പ്രഘോഷണവും മാധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. ഇവയിലെല്ലാം ത്യാഗപൂർവ്വം പങ്കുചേർന്ന്, പിതാവിന്റെ പ്രാർത്ഥനാസഹായം തേടാം. പിതാവ് എത്രയും വേഗം വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യാം. കാലത്തെ അതിജീവിക്കുന്ന ആദർശങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള പിതാവിന്റെ ജീവിതവും പ്രബോധനവും നമുക്കിന്നും വഴികാട്ടിയാണ്. അവയെ നന്ദിപൂർവ്വം ഓർക്കാനും ജീവിതത്തിൽ പകർത്താനും പിതാവിന്റെ മരണവാർഷികാചരണം എല്ലാവർക്കും പ്രചോദനമാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ മെയ് 21-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# സീറോമലബാർ സഭയുടെ ആരാധനക്രമാലാപനം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷമായി സീറോമലബാർ സഭയ്ക്ക് മറ്റു സഭകൾക്കുള്ളതുപോലെ ഒരു ആരാധനക്രമാലാപനരീതി രൂപപ്പെടുത്തുവാനുള്ള ശ്രമം നടന്നു വരികയായിരുന്നു. സഭാ സിനഡിന്റെ താല്പര്യപ്രകാരം മല്പാൻ ബഹുമാനപ്പെട്ട മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ആരാധനക്രമാലാപനം (Liturgical Chant) ഇക്കഴിഞ്ഞ ജനുവരിയിൽ സമ്മേളിച്ച സഭാസിനഡ് അംഗീകരിക്കുകയും രൂപതകളിൽ അത് പരിശീലിച്ച് നടപ്പിലാക്കുവാൻ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ആലഞ്ചേരിപ്പിതാവ് നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ രൂപതയിൽ ചിലയിടങ്ങളിൽ ഇതിനോടകം തന്നെ ഈ ആലാപനരീതി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ടെന്നുള്ളത് സന്തോഷകരമാണ്.

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഈ ആരാധനക്രമാലാപനരീതി ഉപയോഗിച്ചു കാണാൻ ഞാനാഗാഗ്രഹിക്കുന്നു. ഏകസ്വരത്തിൽ കൂടുതൽ ഭക്തിയോടെയും ഏകാഗ്രതയോടെയും പ്രാർത്ഥിക്കാൻ ഈ ആലാപനരീതി സഹായിക്കും. കൂടുതൽ ആഴമായ പ്രാർത്ഥനാനുഭവം അതു പ്രദാനം ചെയ്യും. സീറോമലബാർ സഭാമക്കൾ ലോകത്തിൽ എവിടെയായാലും ഒരേ ഈണത്തിലും ഏക സ്വരത്തിലും പ്രാർത്ഥിക്കാൻ ഇടയാകും. അതിനാൽ ഇടവകകളിൽ ഗായകസംഘം ഈ ആലാപനാരീതി നന്നായി പഠിക്കുകയും ആരാധനാസമൂഹത്തെ പരിശീലിപ്പിക്കു

കയും ചെയ്യണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണം. സൺഡേസ്കൂൾ കുട്ടികളെ ഈ രീതി പഠിപ്പിക്കാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം. മഠങ്ങളിൽ ബഹു. സിസ്റ്റേഴ്സ് ഈ ആലാപനരീതി ഉപയോഗിക്കാൻ താല്പര്യമെടുക്കണം. വൈദികാർത്ഥികൾ ഈ ആലാപനരീതി നന്നായി പരിശീലിക്കണം. അങ്ങനെ അതിരൂപതയിലാകമാനം ആരാധനാക്രമാലാപനരീതി കാലതാമസം വരുത്താതെ നടപ്പിലാക്കാൻ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പരിശ്രമവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.


ഈ ആരാധനാക്രമാലാപന രീതിയിൽ തയ്യാറാക്കിയ പരിശുദ്ധ കുർബാനയുടെ സി.ഡി.യും സംഗീത സ്വര ചിഹ്നങ്ങളോടുകൂടിയ പുസ്തകവും നമ്മുടെ രൂപതാ കേന്ദ്രത്തിലും ബുക്സ്റ്റോളിലും ലഭ്യമാണ്. എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. മിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ സർക്കുലർ മെയ് 14-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




# I

## 130-ാമത് അതിരൂപതാ ദിനാചരണം

**2017 മെയ് 20 ശനിയാഴ്ച രാവിലെ 9.00 – 1.30 pm വരെ**
**പച്ച– ചെക്കിടിക്കാട് ലൂർദ്ദ്മാതാ ഇടവകയിൽ നടത്തപ്പെടുന്നു**

**ഇടവകകളിൽ നിന്ന് പ്രതിനിധി സമ്മേളനത്തിലും പൊതുസമ്മേളനത്തിലും പങ്കെടുക്കേണ്ടവർ**

ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധി, ഇടവകയിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഫൊറോന കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, പ്രതിനിധിയോഗ സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, അൾത്താര ബാലന്മാരുടെ ഒരു പ്രതിനിധി, മിഷൻലീഗ്, യുവദീപ്തി, മാതൃജ്യോതിസ്, പിതൃവേദി, കുടുംബകൂട്ടായ്മ, DCMS, KLM, AKCC തുടങ്ങിയ സംഘടനകളുടെ ഓരോ പ്രതിനിധി വീതം, കണക്കൻ, ദൈവാലയശുശ്രൂഷി എന്നിവരും. യാത്രാ ച്ചെലവുകൾ അതാതു പള്ളിക്കാര്യത്തിൽനിന്നും വഹിക്കേണ്ടതാണ്.

# II

## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2017 മെയ് 25-ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം പ്രഭാതത്തിലും സായംകാലത്തുമായി ഇടവകകളിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

# III

## പ്രത്യേക പിരിവുകൾ

**അതിരൂപതാ ബൈബിൾ ഫണ്ട്:** നമ്മുടെ കർത്താവീശോമിശിഹായുടെ സ്വർഗ്ഗാരോഹണത്തിരുനാളിനു മുമ്പുള്ള ഞായറാഴ്ചയായ മെയ് 21-ാം തീയതിയിലെ സ്തോത്രകാഴ്ച അതിരൂപതാ ബൈബിൾ ഫണ്ടിനുവേണ്ടിയുള്ളതാണ്.

**മതബോധനഫണ്ട്:** പന്തക്കുസ്താ തിരുനാളിലെ സ്തോത്രകാഴ്ച (ജൂൺ 4) അതിരൂപതാ മതബോധനഫണ്ടിനുവേണ്ടിയുള്ളതാണ്.

ഈ പിരിവുകളെപ്പറ്റി മുൻകൂട്ടി വിളിച്ചറിയിച്ച് സ്തോത്രകാഴ്ചയിൽ ലഭിക്കുന്ന തുക ജൂൺ 15 നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

ചങ്ങനാശ്ശേരി അതിരൂപത

# 130-ാമത്

# അതിരൂപതാദിനാചരണം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

സുഖമെന്ന് കരുതുന്നു. 2017 മെയ് മാസം 20-ാം തീയതി എടത്വ ഫൊറോനയിലെ പച്ച-ചെക്കിടിക്കാട് ലൂർദ്ദുമാതാ ഇടവകയിൽ നടത്തുന്ന അതിരൂപതാദിനത്തെ സംബന്ധിച്ചുള്ള (2017 ഏപ്രിൽ മദ്ധ്യസ്ഥൻ-പേജ് 32) വാർത്തകൾ ശ്രദ്ധിച്ചുകാണുമല്ലോ.

അതിനോടുചേർത്ത് ചില കാര്യങ്ങൾകൂടി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

1. അതിരൂപതാദിനാചരണത്തിൽ ഇടവകയിൽനിന്നും സംബന്ധിക്കുന്ന ആളുകളുടെ പേരുവിവരങ്ങൾ അതിനുവേണ്ടിയുള്ള ഫോമിൽ രേഖപ്പെടുത്തി മെയ് 20-ാം തീയതി രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ കൗണ്ടറിൽ ഏല്പ്പിക്കേണ്ടതാണ്. ഇതിനുള്ള ഫോറം തപാലിൽ ലഭ്യമാക്കിയിരുന്നു.
2. ഇപ്രാവശ്യത്തെ അതിരൂപാ ദിനത്തിൽ **ഏറ്റവും കൂടുതൽ ദൈവവിളികളുള്ള** (വൈദികർ, സന്യസ്തർ, വൈദികാർത്ഥികൾ, സന്യാസിനി അർത്ഥിനികൾ) **ഇടവകകളെ അനുമോദിക്കുന്നു.** ഇടവകകളെ 3 വിഭാഗങ്ങളായി തിരിച്ച് സമ്മാനങ്ങൾ നല്കുന്നതാണ്.
   a. 250-ഓ അതിൽതാഴെയോ കുടുംബങ്ങളുള്ള ഇടവകകൾ
   b. 251 മുതൽ 750 വരെ കുടുംബങ്ങളുള്ള ഇടവകകൾ
   c. 751 ന് മുകളിൽ കുടുംബങ്ങളുള്ള ഇടവകകൾ
3. **കൂടുതൽ മക്കളുള്ള മാതാപിതാക്കളെ അനുമോദിക്കുന്നു**. നമ്മുടെ അതിരൂപതയിലെ ആറോ അതിലധികമോ മക്കളുള്ള 50 വയസ്സിനു താഴെ പ്രായമുള്ള (01-01-2017) മാതാപിതാക്കളെ അനുമോദിക്കുന്നു.

അതിരൂപതാദിന കമ്മറ്റിക്കുവേണ്ടി കൺവീനർ

**ഫാ. ജോസഫ് മുണ്ടകത്തിൽ**

(പ്രോട്ടോ സിഞ്ചെള്ളൂസ്)

ഈ വിവരങ്ങൾ **2017 മെയ് മാസം 10-ാം തീയതിക്ക് മുമ്പായി ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഓഫീസിൽ** ഏല്പിക്കേണ്ടതാണ്.

അനുസ്മരണം





# "ഈ അച്ചൻ ഞങ്ങളുടെ പള്ളിയിലും ഇരുന്നിട്ടുണ്ട്"

**+റവ. ഫാ. സിറിയക്ക് കൊളങ്ങോട്ടിൽ**

സ്രഷ്ടാവും സൃഷ്ടികളും വച്ചുനീട്ടിയ അവസരങ്ങളെ സർഗ്ഗാത്മകഭാവത്തോടെ സംവേദനം ചെയ്ത് സഭയ്ക്കും സമൂഹത്തിനും നിറപ്പകിട്ടാർന്ന സംഭാവനകളാക്കി മാറ്റുവാൻ കഴിഞ്ഞ സംതൃപ്തിയും സ്വന്തമാക്കി കൊളങ്ങോട്ടിൽ ബഹുമാനപ്പെട്ട ജോസഫച്ചൻ നിത്യതയിലേയ്ക്ക് യാത്രയായി. നടന്നുനീങ്ങിയ നിരത്തുകൾ, കണ്ടുമുട്ടി കടന്നുപോയ കാഴ്ചകൾ, കൊണ്ടും കൊടുത്തുമുള്ള ജീവിതം, പഠിച്ചും പഠിപ്പിച്ചും, ചിരിച്ചും ചിരിപ്പിച്ചും, കരഞ്ഞും കരയിച്ചും കടന്നുപോയ സംഭവബഹുലമായ ഒരു അജപാലനജീവിതത്തിനാണ് തിരശീല വീണത്.

1952 മുതൽ 1961 വരെ നീണ്ട വൈദിക പരിശീലനകാലഘട്ടമാണ് ഞങ്ങൾ തമ്മിൽ അടുത്തറിയാൻ ഇടയാക്കിയത്. രണ്ടുവർഷത്തെ പെറ്റി സെമിനാരി ജീവിതം പാറേൽ സെമിനാരിയിൽ ബഹു. തോമസ് പോരൂക്കരയച്ചനും, സിറിയക് തുരുത്തുമാലിലച്ചനും, ഫിലിപ്പ് ആലുപറമ്പിൽ അച്ചനുമൊക്കെയായിരുന്നു ഞങ്ങളുടെ അദ്ധ്യാപകരും വഴികാട്ടികളും. അഭിവന്ദ്യ പവ്വത്തിൽ പിതാവ് അന്ന് സഹപാഠിയും. പാറേൽ മാതാവിന്റെ പാദാന്തികത്തിലായിരുന്നു പഠിക്കുവാനുള്ള ഭാഗ്യം. അങ്ങനെ രണ്ടുവർഷം കഴിഞ്ഞപ്പോൾ 1954 ൽ ആലുവ മംഗലപ്പുഴ മേജർ സെമിനാരിയിലേയ്ക്ക് ക്ലാസ്സുകയറ്റം.

9 വർഷത്തെ ഒരുക്കത്തിന്റെയും കാത്തിരിപ്പിന്റെയും ഒടുവിൽ 1961 മാർച്ച് 12 ന് ചങ്ങനാശേരി അതിരൂപതക്കാരായ 18 ഡീക്കന്മാർ നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുകാരായപ്പോൾ അതിലൊരാൾ കൊളങ്ങോട്ടിലച്ചനായിരുന്നു. അഭിവന്ദ്യ മാത്യു കാവുകാട്ടു മെത്രാപ്പോലീത്തായുടെ കൈവയ്പുശുശ്രൂഷയിലൂടെ ഇടയനടുത്ത ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ട, അതേ ദിവസം തന്നെ സെമിനാരി ചാപ്പലിലെ അൾത്താരകളിലൊന്നിൽ അദ്ദേഹം ആദ്യകുർബാന അർപ്പിച്ചു.

കുളങ്ങോട്ടിലച്ചന്റെ പൗരോഹിത്യശുശ്രൂഷയുടെ ആദ്യവർഷങ്ങൾ ചെലവിട്ടത് ഹൈറേഞ്ചിലായിരുന്നു. കുടിയേറ്റക്കാരായ കർഷകർക്കൊപ്പം മലയും, കാടും, മേടും കയറിയിറങ്ങി സുവിശേഷം പ്രഘോഷിച്ചും ജീവിതംകൊണ്ട് വ്യാഖ്യാനിച്ചും നടത്തിയ പ്രവർത്തനം അക്ഷരാർത്ഥത്തിൽ പ്രേഷിതവേല ആയിരുന്നു. യാത്രാസൗകര്യങ്ങളില്ലാത്ത പ്രദേശം; മഞ്ഞും, വെയിലും, കാറ്റും മഴയും നാട്ടിലേതിനേക്കാൾ കഠിനം! താമസത്തിന് പുല്ലുമേഞ്ഞ കൂടിൽ, അങ്ങനെതന്നെ പള്ളിയും ആനയുടെയും ഹിംസ്ര മൃഗങ്ങളുടെയും ആക്രമണം ഏതു സമയത്തും പ്രതീക്ഷിക്കാവുന്ന ഉൽകണ്ഠാകുലമായ ദിനരാത്രങ്ങൾ. എല്ലാത്തരത്തിലും ഭീതിദായകമായ അവസ്ഥ. കൂട്ടിനു ദൈവവും, കാവലിന് മാലാഖമാരും ! അതായിരുന്നു പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ അച്ചന്റെ മനോഭാവം.

വൈദികന്റെ ജീവിത പാത പച്ചപ്പരവതാനി വിരിച്ച പാതയല്ല. കിടക്ക റോസാപ്പൂ വിതറിയതുമല്ല. കല്ലും മുള്ളും നിറഞ്ഞ വഴികളും പരുപരുത്ത കിടക്കയും വൈദികന് അന്യമല്ല; സ്വന്തമാണ്. ഹൈറേഞ്ചിൽ ജോലി ചെയ്ത കൊളങ്ങോട്ടിലച്ചന്റെ അനുഭവങ്ങൾ മറ്റൊന്നായിരുന്നില്ല. അവയെല്ലാം മുന്നോട്ടുള്ള ജീവിതത്തിൽ മുതൽകൂട്ടുകളായി അദ്ദേഹത്തിന് മാറുകയായിരുന്നു. അമ്പതിന്റെ നിറവിലും 70 കളുടെ മദ്ധ്യത്തിലും അച്ചന്റെ ആരോഗ്യത്തിന് കുറവൊന്നുമില്ലാത്തതിന്റെ രഹസ്യം വിശ്രമമില്ലാത്ത ജോലിയായിരുന്നു. മാത്രമല്ല, പ്രകൃതിയുടെ വരദാനങ്ങൾ സ്വീകരിച്ച് പ്രകൃതിക്കനുസരണമായ ജീവിതചര്യ സ്വന്തമാക്കിയ ആളുമാണ് കൊളങ്ങോട്ടിലച്ചൻ, പ്രകൃതിവിഭവങ്ങളിൽ കൃത്രിമത്വത്തിന്റെ മാജിക്ക് പ്രയോഗിച്ച് രുചിഭേദങ്ങൾ വരുത്തിയ ഭക്ഷണം ഇഷ്ടപ്പെടുന്ന ഇന്നത്തെ തലമുറയ്ക്ക് അച്ചന്റെ ഭക്ഷണക്രമം പഴഞ്ചനെന്ന് തോന്നിയേക്കാം. എന്നാൽ വാർദ്ധക്യത്തിലും അച്ചന്റെ ആരോഗ്യത്തിന്റെ രണ്ടാമത്തെ രഹസ്യം പ്രകൃതിയെ സ്നേഹിച്ച് പ്രകൃത്യാനുസൃതമുള്ള ജീവിതചര്യ തന്നെ ആയിരുന്നു.

സഭയുടെ വളർച്ചയുടെ വഴിയിൽ കൊളങ്ങോട്ടിലച്ചന്റെ മാർഗ്ഗദർശനവും മാതൃകയും ദൈവജനം നന്ദിയോടെ സ്മരിക്കും. ഹൈറേഞ്ചിന്റെ മലകളിലും താഴ്വരകളിലും പള്ളികളും പള്ളിക്കൂടങ്ങളും പണിയുവാനും വല്ലപ്പോഴും മാത്രം വൈദികസാന്നിദ്ധ്യം ലഭിച്ചിരുന്ന മലയോരമക്കൾക്ക് ആ സാന്നിദ്ധ്യം നിത്യാനുഭവമാക്കാനും അച്ചനു സാധിച്ചതിന്റെ പിന്നിലെ ത്യാഗം വളരെ വലുതാണ്. ചെയ്തു തീർക്കാനായി ഏൽപ്പിച്ച ജോലി പൂർത്തിയാക്കി ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തിയെന്ന ഈശോയുടെ വാക്കുകൾ കൊളങ്ങോട്ടിലച്ചനും ഏറ്റു പറയാം. സഭയിൽനിന്ന് എനിക്ക് എന്തു ലഭിച്ചുവെന്നല്ല, സഭയ്ക്ക്

ഞാൻ എന്തു കൊടുത്തു എന്നതാണ് പ്രസക്തമായ ചോദ്യം. എന്റെ ജീവനും ജീവിതവും കർത്താവിന് കൊടുത്തെന്ന് അച്ചന് ആശ്വസിക്കാം. സഭാ സേവനം ഈ സ്വയം സമർപ്പണമാണല്ലോ.

പൗരോഹിത്യ ശുശ്രൂഷയിൽ അസ്തേന്തിയായി ആർപ്പൂക്കര, ചിറക്കടവ്, അതിരമ്പുഴ എന്നിവിടങ്ങളിലും വികാരിയായി ആണിയാർതുളു, വണ്ടൻമേട്, മുക്കുളം, ആര്യങ്കാവ് (1970) നിർമലഗിരി (1971), മുഹമ്മ (1973), കണ്ണമ്പള്ളി (1975), കരിമ്പുക്കുളം (1977), കൂരോപ്പട, മല്ലപ്പള്ളി (1982), ആറാട്ടുവഴി (1993), കോട്ടാങ്ങൽ (1995), ആർപ്പൂക്കര (2002), മാന്നില (2007) എന്നിവിടങ്ങളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ അമ്പൂരി എസ്റ്റേറ്റിലും (1988) ചേലക്കര എസ്റ്റേറ്റിലും (1992) അദ്ദേഹം തന്റെ ജീവിതം വ്യയം ചെയ്തിട്ടുണ്ട്.

ദൈവജനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചും, ചോരയും നീരും അവർക്കുവേണ്ടി ഊറ്റിക്കൊടുത്തും അവരോടൊപ്പം ചേർന്ന് കുരിശുവരച്ച ദൈവസന്നിധിയിലേയ്ക്ക് യാത്രയാകുമ്പോൾ അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള ദൈവജനം അഭിമാനത്തോടെ പറയും – 'ഈ അച്ചൻ ഞങ്ങളുടെ പള്ളിയിലും ഇരുന്നിട്ടുണ്ട്.'

**റവ. ഫാ. മാത്യു മറ്റം**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

## അതിരൂപതാ മാധ്യമപ്രവർത്തക സംഗമം

ചങ്ങനാശ്ശേരി അതിരൂപതാഗങ്ങളായ മാധ്യമപ്രവർത്തകരെ സംഘടിപ്പിച്ചു കൊണ്ട് ഏപ്രിൽ ഒന്നാംതീയതി കോട്ടയം ലൂർദ്ദ് ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽവച്ച് അതിരൂപതാ മാധ്യമപ്രവർത്തക സംഗമം നടന്നു. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്താ ആമുഖ സന്ദേശം നൽകി. റവ. ഡോ. മാണി പുതിയിടം, അഡ്വ. ജോജി ചിറയിൽ, ഫാ. ആന്റണി തലച്ചല്ലൂർ തുടങ്ങിയവർ പ്രസംഗിച്ചു. റവ. ഡോ. ജയിംസ് പാലയ്ക്കൽ ചർച്ചകളിൽ മോഡറേറ്റർ ആയിരുന്നു. ശ്രീ. റ്റി. സി. മാത്യു, ശ്രീ. സാജൻ വർഗീസ്, ശ്രീ. കെ. എ. ഫ്രാൻസിസ് തുടങ്ങിയവർ നടത്തിയ വിഷയാവതരണങ്ങൾക്കുശേഷം വിശദമായ പൊതുചർച്ചയും നടന്നു. പൊതുചർച്ചയിൽ ഉണ്ടായ നിരീക്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും അഭി. പെരുന്തോട്ടം പിതാവ് മറുപടി പറഞ്ഞു. മുതിർന്ന മാധ്യമപ്രവർത്തകരായ ശ്രീ. റ്റി. സി. മാത്യു (ദീപിക), ശ്രീ. ജയിംസ് കുട്ടൻചിറ (കേരള കൗമുദി), ശ്രീ. എൻ. യു. വർക്കി (ദീപിക), കെ. എ. ഫ്രാൻസിസ് (മനോരമ), ശ്രീ. ജോൺ ആന്റണി (ദീപിക), ശ്രീ. കെ. ജെ. ജോസ് (ദീപിക) എന്നിവരെ യോഗത്തിൽ അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ആദരിച്ചു.

## വിദ്യാഭ്യാസ പഠനപരമ്പര ഉദ്ഘാടനം

അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസമേഖലയിൽ ഇന്നു നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉചിതമായി പ്രതികരിക്കുന്നതിനും പഠനപരമ്പര നടത്തുവാൻ തീരുമാനിച്ചു. ഇതിന്റെ അതിരൂപതാതല ഉദ്ഘാടനം 10/6/2017 തീയതിയിൽ ചങ്ങനാശ്ശേരിയിൽവച്ച് നടത്തപ്പെടുന്നതാണ്. പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെയും ഇതരസംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ഈ മേഖലയിലെ വിവിധ വിഷയങ്ങളിൽ തുടർപരിപാടികൾ നടത്തുന്നതുമാണ്.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ, ജാഗ്രതാസമിതി

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഓരോ ഫൊറോനയിലും ഡയറക്ടച്ചന്മാരെ അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുകയാണ്. ഇനിയും ഫൊറോനാ സമിതികൾ രൂപികരിക്കും. ഓരോ ഇടവകയിലും നടപ്പിലാക്കേണ്ട കർമ്മപരിപാടികൾ ബഹുമാനപ്പെട്ട അച്ചന്മാരെ അറിയിക്കുന്നതാണ്. കുടുംബക്കുട്ടായ്മകൾ പ്രാർത്ഥനാ സമ്മെളനങ്ങൾ മാത്രമാകുന്ന സാഹചര്യങ്ങൾക്കു മാറ്റം വരുത്തേണ്ടതായുണ്ട്. പ്രബോധനത്തിന് ഏറെ പ്രാധാന്യം നൽകണം. ഇതിലൂടെ കൂട്ടായ്മയുടെ യഥാർത്ഥ ചൈതന്യത്തിലേക്ക ്കുടുംബകൂട്ടായ്മകൾ നയിക്കപ്പെടണം. ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂട്ടായ്മയുടെ മുഖമുദ്രയാകണം. സങ്കടങ്ങൾ പരസ്പരം പങ്കുവയ്ക്കണം. അങ്ങനെ ആദിമ സഭയുടെ ചൈതന്യത്തിലേക്ക് നമുക്കുൾച്ചേരാം.

പ്രാർത്ഥനകൾ നേരുന്നു.

**ഫാ. ആന്റണി പുത്തൻകളം**

ഡയറക്ടർ

## അറിയിപ്പുകൾ

### കുടുംബക്കുട്ടായ്മ ഫൊറോനാ ഡയറക്റ്റേഴ്സ്

1. ആലപ്പുഴ - റവ. ഫാ. വർഗ്ഗീസ് കായിത്തറ
2. അമ്പൂരി - റവ. ഫാ. ജെയിംസ് ചുണ്ടക്കാട്ടിൽ
3. അതിരമ്പുഴ - റവ. ഫാ. ജോസ് വരിക്കപ്പള്ളിൽ
4. ചമ്പക്കുളം - റവ. തോമസ് പായിക്കാട്ടുമറ്റത്തിൽ
5. ചങ്ങനാശ്ശേരി - റവ. ഫാ. വർഗ്ഗീസ് പഴയമഠം
6. എടത്വാ - റവ. ഫാ. ജോർജ് ചക്കുങ്കൽ
7. കോട്ടയം - റവ. ഫാ. ആന്റണി ചിറയ്ക്കൽമണവാളൻ MCBS
8. കൊല്ലം - റവ. ഫാ. അന്തോനി മത്തായി കത്തനാർ CMI തളികസ്ഥാനം,
9. കുറുമ്പനാടം - റവ. ഫാ. ജോൺസൺ ചാലയ്ക്കൽ
10. കുടമാളൂർ - റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ
11. നെടുങ്കുന്നം - റവ. ഫാ. ജോസഫ് മണ്ണാത്തറ
12. പുളിങ്കുന്ന് - റവ. ഫാ. ജോസഫ് പള്ളിച്ചിറയിൽ
13. തിരുവനന്തപുരം - റവ. ഫാ. ചാക്കോ പാലക്കശ്ശേരി
14. തൃക്കൊടിത്താനം - റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ

## ലോഗോസ് ക്വിസ് 2017

2017 ലെ ലോഗോസ് ക്വിസ് മത്സരം സെപ്. 24-ാംതീയതി ഞായറാഴ്ച 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽ വച്ച് നടത്തപ്പെടുന്നു. പരമാവധി ആളുകളെ പങ്കെടുപ്പിക്കണമേ.

## ഗെൻസാ (കുട്ടായ്മ ലീഡേഴ്സ് നേതൃസംഗമം)

കുട്ടായ്മ ലിഡേഴ്സിനായുള്ള ഫൊറോനാതല സംഗമങ്ങൾ നാം ആരംഭിക്കുകയാണ്. ഓരോ ഫൊറോനയ്ക്കും നിശ്ചയിച്ചിരിക്കുന്ന തീയതികൾ അറിയിക്കുന്നതാണ്.

## ആലപ്പുഴ ഫൊറോനാ നേതൃസംഗമം (ഗെൻസാ)

മെയ് 6-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആലപ്പുഴ ഫൊറോനായിലെ കുടുംബക്കുട്ടായ്മ ലീഡേഴ്സിനായുള്ള നേതൃസംഗമം സെന്റ് മൈക്കിൾസ് തത്തംപള്ളിയിൽ വച്ചു നടത്തപ്പെടുന്നു. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുടുംബക്കുട്ടായ്മ ജനറൽ കൺവീനർ, കുട്ടായ്മ ലീഡേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുംന്തോട്ടം പിതാവ് പരിപാടി ഉദ്ഘാടനം ചെയ്യുന്നതും തുടർന്ന് റവ. ഫാ. മോബൻ ചൂരവടി ക്ലാസ് നയിക്കുന്നതുമാണ്.

## ഡിഡാക്കെ

കുടുംബക്കുട്ടായ്മ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടുകൊണ്ടിരുന്ന പരിശീലനപരിപാടിയായ ഡിഡാക്കെ നിരവധിയാളുകളുടെ അഭ്യർത്ഥനയെ മാനിച്ച് വീണ്ടും ആരംഭിക്കുകയാണ്. ആനുകാലിക വിഷയങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന ഈ പഠനപരിപാടിയിൽ ബൈബിൾ, ആരാധനക്രമം, ദൈവശാസ്ത്രവിഷയങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടായ്മ ലീഡേഴ്സ് ഇതിൽ പങ്കെടുക്കുന്നത് ഏറെ അഭികാമ്യമാണ്. മെയ് മാസത്തെ ക്ലാസ്സ് മെയ് 13-ാം തീയതി രാവിലെ 9.30 മുതൽ 12.30 വരെ വിദ്യാനികേതൻ ഹാളിൽവച്ച് നടത്തപ്പെടുന്നു.

## ഡയറക്ടറേഴ്സ് മീറ്റ്

മെയ് 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ അരമനയിൽവച്ച് കുടുംബക്കൂട്ടായ്മാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

### സന്തോഷവാർത്ത

POC ബൈബിൾ ആപ്പ് നവീകരിച്ച് പുതിയ സൗകര്യങ്ങളോടുകൂടി ഗൂഗിൾ സ്റ്റോറിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

ഇരുളിൽ മിന്നിത്തെളിയുന്ന പ്രകാശകിരണങ്ങൾപാലെ, പാപത്തിന്റെ അന്ധകാരത്തിൽ നിന്നു മാനവരാശിക്കു മോചനമേകുന്ന സദ്വാർത്തയായി "ഉത്ഥാന തിരുനാൾ". ഉത്ഥിതന്റെ അനുഗ്രഹങ്ങളിലാണ് നാം ജീവിക്കുന്നത്.

ഉത്ഥാനത്തിന്റെ ഈ സന്തോഷം നമ്മെ ഭരമേല്പിക്കുന്ന കുഞ്ഞുങ്ങളിലേയ്ക്കു കൈമാറുമ്പോൾ അത് വിശ്വാസകൈമാറ്റമായി. ഈ ലോകത്തിന്റെ വേദനകളെയും ആകുലതകളെയും അതിജീവിക്കുവാൻ ഉത്ഥിതനിലുള്ള വിശ്വാസം നമ്മെ പ്രാപ്തരാക്കും. മാർവാലാഹ് ചൊല്ലി ഉത്ഥിതനിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ മാർതോമ്മാ ഉത്ഥാനാനുഭവത്തിന്റെ ഉത്തമ മാതൃകയാണ്. ഏവർക്കും അനുഗ്രഹപ്രദമായ ദിനങ്ങൾ ആശംസിക്കുന്നു.

പുത്തൻ മതബോധനവർഷത്തിന്റെ പണിപ്പുരയിലാണു നാം. 2017-18 വർഷം വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട ആത്മീയജീവിതത്തിന്റെ ഉടമകളാകാം.

മെയ് 27 അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം - സന്ദേശനിലയത്തിൽ വച്ച്. നമ്മുടെ സൺഡേസ്കൂളുകളിൽ നിന്നുള്ള പ്രാതിനിധ്യം ഉണ്ടായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

ജൂൺ 4 പന്തക്കുസ്താതിരുനാളിൽ പുതിയ മതബോധനവർഷമാരംഭിക്കുകയാണ്. കൃപയുടെ ഒരു വർഷമാകാൻ നമുക്കു പ്രാർത്ഥിക്കാം.

**സ്നേഹപൂർവ്വം,**

**ജോബിയച്ചൻ**
**അറയ്ക്കലച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

**മെയ്**

| | | |
|---|---|---|
| 1 തിങ്കൾ | : | മെയ് ദിനം (ഓഫീസ് അവധി) |
| 8,9,10 | : | നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് |
| 20 ശനി | : | അതിരൂപതാദിനം (ഓഫീസ് അവധി) |
| 25 വ്യാഴം | : | സ്വർഗ്ഗാരോഹണത്തിരുനാൾ (കടമുള്ള ദിവസം, ഓഫീസ് അവധി) |
| 27 ശനി | : | മതാദ്ധ്യാപക നേതൃസംഗമം |

**ജൂൺ**

| | | |
|---|---|---|
| 3 ശനി | : | മതബോധനവർഷം - അതിരൂപതാതല ഉദ്ഘാടനം |

4 ഞായർ : പന്തക്കുസ്താതിരുനാൾ

അതിരൂപതാ മതബോധനദിനം, വിദ്യാരംഭം

മതബോധനവർഷം ഇടവകതല ഉദ്ഘാടനം

## നവോദയ സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്

നവോദയ സൈനികസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് മെയ് 8, 9, 10 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. മെയ് 8-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കുന്ന ക്യാമ്പ് 10-ാം തീയതി ഉച്ചകഴിഞ്ഞ് 1.30-ന് സമാപിക്കും. രജി. ഫീസ് 750 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 31, 32 കാണുക.

## സീറോ മലബാർ സഭ പ്രതിഭാസംഗമം

അതിരൂപതാതല സ്കോളർഷിപ്പുപരീക്ഷയിൽ 7-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും സിനഡ് തലത്തിൽ 2017 മെയ് 10, 11, 12 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

X, XII ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് Verify ചെയ്യുന്നതിനായി സന്ദേശനിലയത്തിൽ ഏല്പിക്കുമ്പോൾ X, XII ക്ലാസ്സുകളിലെ ഫൈനൽ മാർക്ക്ലിസ്റ്റും ഹാജർ ബുക്കും പ്രസ്തുത കുട്ടികളുടെ XI ലെ ഹാജർ ബുക്കും VIII, IX, XI എന്നീ ഫൈനൽ മാർക്ക്ലിസ്റ്റുകളും ഓഫീസിൽ ഏല്പിച്ചിട്ടില്ലെങ്കിൽ അതും 9-ാം ക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ നമ്പറും പഠിച്ചവർഷവും രേഖപ്പെടുത്തിയ ലിസ്റ്റും കൊണ്ടുവരേണ്ടതാണ്.

വിശ്വാസോത്സവം വർക്ക് ബുക്കുകളുടെ പണം അടയ്ക്കുവാനുള്ളവർ മെയ് 15നകം അടയ്ക്കേണ്ടതാണ്. മതബോധന വിഹിതവും ചോദ്യപേപ്പറിന്റെ വിഹിതവും അടയ്ക്കുവാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

ജൂൺ 3-ാം തീയതി മതബോധന വർഷം - അതിരൂപതാതല ഉദ്ഘാടനം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ വൈകുന്നേരം 5.00 ന്.

## BCT കോഴ്സ് & CLT കോഴ്സ്

മതാദ്ധ്യാപകർക്കുള്ള അടിസ്ഥാന പരിശീലന പരിപാടിയായ BCT കോഴ്സ് ഈ വർഷവും നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. CLT 38-ാം ബാച്ചിലേയ്ക്കും MCC 10-ാം ബാച്ചിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

## Diploma in Media of Communication and Catechesis ( MCC)

ലോകോസ്റ്റ് മീഡിയ തുടങ്ങി ആധുനിക ഇലക്ട്രോണിക് മീഡിയ വരെ അനായാസം വിനിയോഗിച്ച് കൂടുതൽ ഫലപ്രദവും ആകർഷവുമായ രീതിയിൽ വിശ്വാസപരിശീലനം നടത്തുവാൻ മതാദ്ധ്യാപകരെ പ്രാപ്തരാക്കുക. എന്ന ലക്ഷ്യത്തോടെ സന്ദേശനിലയം സുവർണജൂബിലിവർഷത്തിൽ ആരംഭിച്ച MCC കോഴ്സിൽ ബോധനവിഷയങ്ങളിൽ വൈദഗ്ധ്യം നേടിയവരുടെ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തിയിരിക്കുന്നു.

## മതാദ്ധ്യാപക നേതൃസംഗമം മെയ് 27 ശനി

ഈ വർഷത്തെ മതാദ്ധ്യാപക നേതൃസംഗമം മെയ് 27 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ചങ്ങനാശ്ശേരി സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളന ത്തിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, ഓരോ സൺഡേസ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗ ങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. അതിരൂപത ഗോൾഡൻസ്റ്റാർ, സിൽവർസ്റ്റാർ ആയി തിരഞ്ഞെടുക്കപ്പെടുന്ന സൺഡേസ്കൂളുകളുടെ പ്രതി നിധികളും CLT, MCC ഡിപ്ലോമയ്ക്ക് അർഹരായവരും ഈ സംഗമത്തിൽ പങ്കെ ടുക്കേണ്ടതാണ്

## ആദരാഞ്ജലികൾ

അതിരമ്പുഴ സെന്റ് മേരീസ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജോബി പെരുമാലിന്റെ പിതാവിന്റെയും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി. ബിൻസി മാർട്ടിന്റെ പിതാവിന്റെയും വെട്ടിമുകൾ സെന്റ് മേരീസ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. ഈ. കെ. ജോഷിയുടെ പിതാ വിന്റെയും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവക പ്രൊഫ. തോമസ് കണയംപ്ലാവന്റെ പുത്രനും, സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി ബെന്നി മോനിക്കയുടെ സഹോദരനുമായ അഡ്വ. ടോമി കണയംപ്ലാവന്റെ നിര്യാണ ത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



**കഴിഞ്ഞ 8 വർഷങ്ങളായി**
**വേദപ്രചാരമദ്ധ്യസ്ഥന്റെ എക്സിക്യൂട്ടീവ്**
**എഡിറ്ററായി സേവനം ചെയ്ത**
**ബെന്നി കുഴിയടിയച്ചന് നന്ദി.**

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

തിരക്കുകളൊഴിഞ്ഞ് അവധിക്കാലത്തിന്റെ ആഹ്ലാദത്തിലായിരിക്കുമല്ലോ നിങ്ങൾ. ഈ കാലഘട്ടം കുടുംബാംഗങ്ങളോടൊന്നിച്ച് സന്തോഷം പങ്കിടുവാനും അവരോടൊത്തായിരിക്കുവാനും പരിശ്രമിക്കണം. അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മിഷൻലീഗ് പരിപാടികൾ അതിരൂപതാ മാർഗ്ഗരേഖയ്ക്കനുസൃതം ക്രമീകരിക്കുവാനും ശ്രദ്ധിക്കണം. ശാഖാമേഖലാ വാർഷിക റിപ്പോർട്ടുകൾ യഥാസമയം ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മെയ് മാസം 26-ാം തീയതി നടക്കുന്ന ധന്യൻ കുര്യാളശേരി തീർത്ഥാടനത്തിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണമെന്ന് ഒർമ്മിപ്പിക്കുന്നു. മെയ് മാസം 26-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ നിന്നും ആരംഭിച്ച് കത്തീഡ്രൽ പള്ളിയിൽ സമാപിക്കുന്ന ഈ തീർത്ഥാടനം ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, നെടുംകുന്നം, തൃക്കൊടിത്താനം മേഖലകളിലെ കുഞ്ഞുമിഷനറിമാർ നേതൃത്വം നല്കുന്നതാണ്. പന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിയച്ചൻ**

**ജോസിയച്ചൻ**

## മെയ് മാസത്തെ പരിപാടികൾ

1 തിങ്കൾ : തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ തിരുനാൾ. ഓഫീസ് അവധി.

7 ഞായർ : **ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ എയ്ഞ്ചൽസ് മീറ്റ്** മേഖലാ തലത്തിൽ നടത്തുക.

20 ശനി : അതിരൂപതാ ദിനം, ഓഫീസ് അവധി.

25 വ്യാഴം : സ്വർഗാരോഹണത്തിരുനാൾ, കടമുള്ള ദിവസം, ഓഫീസ് അവധി.

26 വെള്ളി : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി തീർത്ഥാടനം (പാറേൽ പള്ളിയിൽ നിന്ന് കത്തീഡ്രലിലേയ്ക്ക്)

## പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 10ന്

ജൂൺ മാസം 10-ാം ശനിയാഴ്ച അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും രാവിലെ 9.30 മുതൽ 1.30 വരെ നടക്കുന്നു. അതിരൂപതാ മേഖലാ ശാഖാ എക്സിക്യുട്ടീവ് അംഗങ്ങൾ, ജോയിന്റ് ഡയ

റക്ടർ, ഓർഗനൈസർമാർ, ഡയറക്ടർമാർ, എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

## കൈയ്യെഴുത്തു മാസിക, വാർഷിക റിപ്പോർട്ട്

കൈയ്യെഴുത്തുമാസികയും വാർഷിക റിപ്പോർട്ടും അതിരൂപതാ ഓഫീസിൽ സമർപ്പിക്കാനുള്ള അവസാനതീയതി മെയ് മാസം 7-ാം തീയതി (ഞായറാഴ്ച)യിലേയ്ക്ക് മാറ്റിയ വിവരം അറിയിക്കുന്നു.

## 2016-17 പ്രവർത്തനവർഷം രണ്ടാം ഘട്ടത്തിലെ മികച്ച യൂണിറ്റുകൾ

1. ആലപ്പുഴ - സെന്റ് ജോസഫ്സ് ആറാട്ടുവഴി
2. അമ്പൂരി - സെന്റ് ജോസഫ്സ് കുച്ചപ്പുറം
3. അതിരമ്പുഴ - സെന്റ് മാത്യൂസ് കോട്ടയ്ക്കപ്പുറം
4. ചമ്പക്കുളം - സെന്റ് ജോസഫ്സ് കൊണ്ടാക്കൽ
5. ചങ്ങനാശേരി - സെന്റ് അൽഫോൻസാ മഹേന്ദ്രപുരം
6. എടത്വാ - ഹോളി ഫാമിലി കിഴക്കേമിത്രക്കരി
7. കൊല്ലം ആയൂർ - ക്രിസ്തുരാജ് കുറ്റിക്കോണം
8. കോട്ടയം - സെന്റ് സെബാസ്റ്റ്യൻസ് അയർക്കുന്നം
9. കുറുമ്പനാടം - ഹോളി ഫാമിലി മാന്നില
10. കുടമാളൂർ - ഹോളി ഫാമിലി മുടിയൂർക്കര
11. മണിമല - ലിറ്റിൽ ഫ്ളവർ ചുങ്കപ്പാറ
12. നെടുംകുന്നം - സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുംകുന്നം
13. പുളിംകുന്ന് - പയസ് X<sup>th</sup> മങ്കൊമ്പ്
14. തുരുത്തി - ഹോളി ഫാമിലി പൊടിപ്പാറ
15. തിരുവനന്തപുരം - മദർ തെരേസാ കണ്ണമ്മൂല
16. തൃക്കൊടിത്താനം - സെന്റ് തോമസ് നാലുകോടി

# ഇറ്റാവാ മിഷൻ സമാചാർ

ഇറ്റാവാ സെന്റ് മേരീസ് അങ്കണത്തിൽ പുതിയ കെട്ടിയസമുച്ചയത്തിന്റെ ആശീർവ്വാദകർമ്മം ജനുവരി 29-ാം തീയതി ആഗ്രാ ആർച്ചുബിഷപ്പ് റൈറ്റ് റവ. ഡോ. ആൽബർട്ട് ഡിസൂസ പിതാവ് നിർവ്വഹിച്ചു. സുവർണ്ണജൂബിലി സ്മാരകമായ പുതിയ കെട്ടിടം സ്കൂളിന്റെ പുതിയ പ്രവർത്തനങ്ങൾക്ക് ഒരു മുതൽകൂട്ടായിരിക്കും.

സുവർണ്ണജൂബിലി സമാപന സമ്മേളനം ഫെബ്രുവരി 20-ാം തീയതി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ നടന്നു. സമ്മേളനത്തിനു കൊടിയിറക്കിയ മിഷൻ സുപ്പീരിയറച്ചൻ, മാനേജർ ജോബി തലയമണക്കുഴി അച്ചനെയും, പ്രിൻസിപ്പാൾ ബിനോയി പാറക്കൽ അച്ചനെയും, സി. എം.സി. സിസ്റ്റേഴ്സിനെയും, അദ്ധ്യാപകരെയും, കുട്ടികളെയും അഭിനന്ദിച്ചു. ഒരുവർഷത്തെ ജൂബിലി ആഘോഷങ്ങൾക്ക് അങ്ങനെ ശുഭപര്യവസാനമായി.

മിഷനുവേണ്ടി 2016 ഡിസംബർ 30-ാം തീയതി വൈദികപട്ടം സ്വീകരിച്ച ജിനു വെള്ളാനിക്കൽ അച്ചന് പ്രാർത്ഥനകൾ നേരുന്നു. ചമ്പക്കുളം ബസിലിക്കായിൽ അസി. വികാരിയായി സേവനത്തിനു നിയോഗിക്കപ്പെട്ട ജിനു അച്ചന് ആശംസകൾ നേരുന്നു.

മെൽവിനച്ചൻ ജയ്പ്പൂർ മിഷനിൽ സന്തോഷത്തോടെ കഴിയുന്നു. ചങ്ങനാശേരി കത്തീഡ്രലിൽനിന്നും രാജസ്ഥാനിലേക്കുള്ള മാറ്റം പുതിയ അനുഭവങ്ങളും പാഠങ്ങളും. മിഷന്റെ എല്ലാവിധ പിൻതുണകളും നേരുന്നു.

ഇറ്റാവാ മിഷൻ പ്രദേശങ്ങളിൽ തിരഞ്ഞെടുപ്പ് ചൂടിനും, പരീക്ഷാചൂടിനുശേഷം ഇപ്പോൾ കാലാവസ്ഥയുടെ ചൂടിലേക്കു പ്രവേശിച്ചു. മാർച്ച് അവസാനം തന്നെ അന്തരീക്ഷ ഊഷ്മാവ് 40°C നോട് അടുത്തു.

ദിവ്യാപ്പൂർ സെന്റ് ജോസഫ്, സാൻജോസ് ഇടവകകൾ സംയുക്തമായി, ഇടവകമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. നൊവേനയും, കൊടിയേറ്റും കൊടിയിറക്കും, പ്രദക്ഷിണവും, നേർച്ചവിതരണവും ഒക്കെ ഭക്തിസാന്ദ്രമായിരുന്നു. മിഷനിലെ എല്ലാ ഇടവകകളിലും യൗസേപ്പ് പിതാവിന്റെ ഊട്ടുനേർച്ചയും നടന്നു.

മിഷനിലെ എല്ലാ സ്ഥാപനങ്ങളിലെയും ബഡ്ജറ്റ് 21-ാം തീയതി നടന്ന വൈദിക സമ്മേളനത്തിൽ അവതരിപ്പിച്ചു. ഇനിയുള്ള വർഷങ്ങളിൽ സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുവാൻ എല്ലാ ജില്ലകളിലും പ്രർത്തനം കൂടുതൽ ഫലപ്രദമായി നടത്തുവാൻ ചുമതലപ്പെട്ടവരെ നിയമിച്ചു.

നോമ്പുകാലം ധന്യമാകുവാൻ ബഹുമാനപ്പെട്ട റ്റോംസ് കളപ്പുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിലുള്ള ധ്യാനം എല്ലാ പ്രധാന കേന്ദ്രങ്ങളിലും നടന്നു.

ബഹുമാനപ്പെട്ട അച്ചനും മറ്റു സഹോദരന്മാർക്കും മിഷന്റെ നന്ദി അറിയിക്കുന്നു. ധ്യാനം മിഷനിൽ ഒത്തിരി ആത്മീയ ഉണർവ്വിനു സഹായിച്ചു.

ദിവ്യാപ്പൂർ സാൻജോസ് അക്കാദമിയുടെ പുതിയ കെട്ടിടം ഏപ്രിൽ 3-ാം തീയതി ആഗ്രാ പിതാവ് ആശീർവ്വദിച്ചു. എല്ലാവരുടെയും പ്രാർത്ഥന പ്രത്യേകം യാചിക്കുന്നു. മിഷനിലുള്ള കുട്ടികളുടെ മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, തൈലാഭിഷേകം തുടങ്ങിയവയും ഈ അവസരത്തിൽ നടന്നു.

**ജയ് യേശു**

**രാജു കോയിപ്പള്ളി**

---

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ

### മെയ് മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| മെയ് 5-7 | ആന്തരികസൗഖ്യ ധ്യാനം - സെഹിയോൻ ടീം (വെള്ളി 8.30 a.m. - ഞായർ 3 p.m.) |
| 8-10 | വിവാഹ ഒരുക്ക ധ്യാനം |
| 10 | നിശാരാധന, അഭിഷേക പ്രാർത്ഥന (6 p.m. - 10 p.m.) |
| 11-14 | വിശുദ്ധീകരണ ധ്യാനം ബ്ര. തോമസ് പോൾ & ടീം (വ്യാഴം 9.00 a.m. - ഞായർ 4.00 p.m.) |
| 15-19 | മേജർ സെമിനാരിക്കാരുടെ സമ്മേളനം |
| 18 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| 21 | ജീസസ് യൂത്ത് ഫാമിലി സമ്മേളനം |
| 26-27 | അത്മായ വചനപ്രഘോഷകരുടെ തുടർപരിശീലന പരിപാടി (വെള്ളി 5.30 p.m. - ശനി 4 p.m.) |
| 28-ജൂൺ 1 | വിശ്വാസാനുഭവ ധ്യാനം- സെഹിയോൻ ടീം (ഞായർ 5.00 p.m. -വ്യാഴം 2 p.m.) |

**ഫാ. മാത്യു താന്നിയത്ത്**
9446903631

# കെ.സി.എസ്.എൽ.

പ്രിയമുള്ള കെ.സി.എസ്.എൽ കൂട്ടുകാരേ,

അവധിക്കാലം നന്നായി പ്രയോജനപ്പെടുത്തുന്നുവെന്ന് കരുതട്ടെ. അവധിക്കാലം വിനോദത്തിനുവേണ്ടി മാത്രമാകാതെ നമ്മുടെ കഴിവുകൾ വളർത്താനും ഉപകരിക്കണം, അതിനായി കൂട്ടുകാർ ഓരോരുത്തരും ശ്രമിക്കണം. നല്ല നല്ല യാത്രകൾ ചെയ്യാനും അങ്ങനെ പ്രകൃതിയെ കൂടുതൽ മനസിലാക്കാനും ഈ അവധിക്കാലം ഏവർക്കും ഉപകരിക്കട്ടെ. കൂദാശകളുടെ കൂദാശയായ വി. കുർബാനയിൽ കഴിവുള്ളത്ര ഈ അവധിക്കാലം ഓടിയണയണം. നന്ദി.... മനസുനിറഞ്ഞ ആശംസകൾ.

സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് 2017 ഏപ്രിൽ 24-ാം തീയതി മുതൽ 27-ാം തീയതി വരെ കോതമംഗലം രൂപതയുടെ പാസ്റ്ററൽ സെന്ററായ മൂവാറ്റുപുഴ 'നെസ്റ്റിൽ' വച്ച് സംഘടിപ്പിച്ചു. നമ്മുടെ അതിരൂപതയിൽനിന്നും 35 പേർ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത കൂട്ടുകാർക്ക് ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമായിരുന്നു 'ഗ്രാസിയ 2017.' ഇതിനായി ഒരുക്കങ്ങൾ നടത്തിയ ആനി മേറ്റേഴ്സിനും സഹകരിച്ച മാതാപിതാക്കൾക്കും കൂട്ടുകാർക്കും ഒത്തിരി നന്ദിയും അഭിനന്ദനങ്ങളും.

നമ്മുടെ അതിരൂപതാ കെ.സി.എസ്.എൽ. അംഗങ്ങളായ ജോസി ജോസഫ് (സെന്റ് പീറ്റേഴ്സ്, കുറുമ്പനാടം) സംസ്ഥാന ചെയർമാനായും, ഏയ്ഞ്ചൽ മരിയ ജോസി (സെന്റ് മേരീസ് അതിരമ്പുഴ) സംസ്ഥാന യു.പി. സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടത് ഏറെ അഭിമാനകരമാണ് ഇരുവർക്കും കെ.സി.എസ്.എൽ. കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

അടുത്തവർഷത്തെ പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലരായി നമുക്ക് തയ്യാറെടുക്കാം. അവധിക്കാലം കഴിഞ്ഞാലുടൻ ക്യാമ്പുകളും മറ്റ് പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതുണ്ട്. അതിനായി നമുക്കു തയ്യാറാകാം. പ്രാർത്ഥനയിൽ പരസ്പരം ഓർക്കാം, സേവനതത്പരരാകാം, മുന്നേറാം. അവധിക്കാല പ്രവർത്തനങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹവും ആശംസിച്ചുകൊണ്ട്,

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

പ്രാർത്ഥനാശംസകളോടെ,

**ഫാ. മാത്യു വാരുവേലിൽ**
**ഫാ. ലൈജു കണിച്ചേരിൽ**

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

തിരുസഭ എന്നും തന്റെ മക്കൾക്ക് കരുതലും കാവലും പകരുന്ന അമ്മയാണ്. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ സഭയെ വിശേഷിപ്പിച്ചുള്ള ഒരു ചാക്രികലേഖനത്തിൻറെ പേരു തന്നെ മാതാവും ഗുരുനാഥയും (Mater et Magistera) എന്നാണ്. ഈ അമ്മയുടെ സവിശേഷമായൊരു പ്രത്യേകതയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ സ്നേഹത്തിന്റെ ആനന്ദത്തിൽ ഇങ്ങനെ കുറിക്കുന്നു:" തന്റെ മക്കളിൽ ഏറ്റവും ബലഹീനരായവരെ സഭ ശ്രദ്ധയോടും കരുതലോടുംകൂടി അനുയാത്ര ചെയ്യണം.... വഴിതെറ്റിയവർക്ക് അഥവാ കോളിൽ പെട്ടവർക്ക് പ്രകാശമേകുവാൻ ഒരു തുറമുഖത്തെ ദീപസ്തംഭം പോലെ അഥവാ ജനങ്ങൾക്കിടയിൽ സംവഹിക്കുന്ന ഒരു ദീപശിഖപോലെ സഭ അവരിൽ പ്രത്യാശയും ഉറപ്പും വീണ്ടെടുത്തു കൊടുക്കണം." (no. 291). തകർന്ന കുടുംബങ്ങൾക്കുള്ള പ്രത്യേക കരുതലും സഹനാനുഭവത്തിലൂടെ കടന്നുപോകുന്ന വ്യക്തികൾക്ക് ശ്രദ്ധയും പകരുന്ന കുടുംബപ്രേഷിതത്വത്തിന് പാപ്പ ആഹ്വാനം ചെയ്യുകയാണിവിടെ. ഈ വിളിക്ക് കാതോർത്ത് നഷ്ടപ്പെട്ടതിനെയും പാർശ്വവത്കരിക്കപ്പെട്ടതിനെയും തേടുന്ന പുത്തൻ കുടുംബപ്രേഷിതത്വസംരംഭങ്ങൾക്ക് ഇടവകതലത്തിൽ നമുക്ക് നാന്ദി കുറിക്കാം.

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

## ഏപ്രിൽ മാസത്തെ പരിപാടികൾ

അമ്പൂരി ഫൊറോനാ മാതൃവേദി-പിതൃവേദി പ്രവർത്തനവർഷോദ്ഘാടനം ഏപ്രിൽ 1-ാം തീയതി അമ്പൂരി സെന്റ് ജോർജ്ജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. 'എൽ റോയ്' ഫൊറോനാപ്രവർത്തന മാർഗ്ഗരേഖ തദവസരത്തിൽ പ്രസിദ്ധീകരിച്ചു.

## മാതൃപിതൃ സംഗമം

ഏപ്രിൽ 5-ാം തീയതി ചെറുവാണ്ടൂരിലും, 9-ാം തീയതി വാഴപ്പള്ളിയിലും മാതൃപിതൃ സംഗമങ്ങൾ നടത്തി.

## പ്രോലൈഫ് സെൽ സംഗമം

ഏപ്രിൽ 11-ാം തീയതി പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാ സമ്മേളനവും ചർച്ചയും നടന്നു.

## മാധ്യമ ബോധവത്കരണം

ഏപ്രിൽ 6-ാം തീയതി നാലുകോടിയിലും, 8-ാം തീയതി കുടമാളൂരിലും മാധ്യമ പ്രവർത്തന വിശകലനവും ബോധവത്കരണവും നടത്തി.

### കുടുംബജീവിതോന്മുഖ പരിശീലനം

അതിരമ്പുഴ, ചേപ്പുംപാറ, മണിമല, പച്ച-ചെക്കിടിക്കാട്, ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകകളിൽ യുവജനങ്ങൾക്ക് കുടുംബജീവിതോന്മുഖ ബോധവത്കരണ ക്ലാസ്സുകൾ നടത്തി.

### കുടുംബപ്രേഷിത പരിശീലനം

MST സഭയിലെ വൈദിക വിദ്യാർത്ഥികൾക്ക് കുടുംബപ്രേഷിതത്വത്തെക്കുറിച്ച് ബോധ്യങ്ങൾ നലകി.

### മാതൃവേദി-പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ്

ഏപ്രിൽ 29-ാം തീയതി മാതൃവേദി-പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. തുടർന്നുള്ള മാസങ്ങളിലെ പ്രോഗ്രാമുകൾ ചർച്ച ചെയ്തു.

### മെയ്മാസത്തെ പരിപാടികൾ

| | |
|---|---|
| മെയ് 2 | ഫൊറോനാ ആനിമേറ്റേഴ്സ് മീറ്റ് ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ |
| മെയ് 7 | നെടുങ്കുന്നം ഫൊറോനാ മർത്തീരിയ സംഗമം ആലപ്പുഴ ഫൊറോനാ 'മർത്തീരിയ-സാക്ഷ്യകൂടാരം' പഴവങ്ങാടിയിൽ |
| മെയ് 13 | യൂണിറ്റ് ആനിമേറ്റേഴ്സ് സംഗമം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ. |
| മെയ് 14 | മാതൃപിതൃസംഗമം വടവാതൂരിൽ |
| | മാതൃപിതൃസംഗമം ചമ്പക്കരയിൽ |
| മെയ് 21 | മാതൃവേദി-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ 'സീനിയർ സിറ്റിസൺസ് സംഗമം' തിരുവനന്തപുരം ലൂർദ്ദ് പള്ളിയിൽ. |
| മെയ് 28 | മാടപ്പള്ളിയിൽ മാതൃപിതൃസംഗമം |

## വിവാഹ ഒരുക്കധ്യാനം

'Change the world from your

| 2017 മെയ് | 2017 ജൂൺ | 2017 ജൂലൈ |
|---|---|---|
| 01, 02, 03 (Chry) | 12, 13, 14 (Zion) | 7, 8, 9 (Zion) |
| 08, 09, 10 (Zion) | 19, 20, 21 (Zion) | 17, 18, 19 (Zion) |
| 15,16,17 (Chry) | 26, 27, 28 (Chry) | 24, 25, 26 (Chry) |
| 21, 22, 23 (Chry) | | |

# യുവദീപ്തി – എസ്.എം.വൈ.എം.

## ജലദിനാചരണം നടത്തി

ലോക ജലദിനാചരണത്തിന്റെ ഭാഗമായി യുവദ്പീതി-എസ്.എം.വൈ.എം. 2017 മാർച്ച് 26-ന് മണിമല ഹോളിമാഗി ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് ജലദിനം ആചരിച്ചു. അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഫൊറോനാ വികാരി വെരി റവ. ഫാ. ആന്റണി നിരയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിനുശേഷം മണിമല ആറിന്റെ തീരത്തേയ്ക്ക് നടത്തിയ റാലിക്ക് ഷിജോ മാത്യു, ട്രീസ്സാ തോമസ്, ജിതിൻ തോമസ്, ടെസ്സി തെരേസ് ജോർജ്, മിഥുൻ ജേക്കബ്, അനു ആനി ജോസഫ്, ഡിലോ ദേവസ്യ, സുസ്മി സാജൻ, ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം എന്നിവർ നേതൃത്വം നൽകി. റാലി മണിമല ആറിന്റെ തീരത്തെത്തിയപ്പോൾ പുളിങ്കുന്ന് ജലവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ബാബു മാത്യു ക്ലാസ്സ് നയിച്ചു. ലാലിച്ചൻ മറ്റത്തിൽ ജലപ്രതിജ്ഞ ചൊല്ലികൊടുത്തു.

## ഭവനിർമ്മാണ പദ്ധതി

ഈ വർഷം ഒരംഗത്തിന് ഒരു വീടു നിർമ്മിച്ചു നൽകുവാൻ യുവദീപ്തി ആഗ്രഹിക്കുന്നു. ഇതിനുള്ള നിബന്ധനകൾ ഇപ്രകാരമായിരിക്കും. വീട് സ്വീകരിക്കുന്ന ആൾ യുവദീപ്തി അംഗമോ മുൻ ഭാരവാഹിയോ ആയിരിക്കണം. വീടുനിർമ്മിച്ചു നൽകിയാൽ 10 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുവാൻ പാടില്ല. വീടിനു വേണ്ടിയുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2 മെയ് 5 ആയിരിക്കും. ഒരു യൂണിറ്റിൽനിന്ന് ഒരപേക്ഷ മാത്രമെ പാടുള്ളൂ.

## യൂണിറ്റ് അഫിലിയേഷൻ

2017 വർഷത്തിലെ അഫിലിയേഷൻ ഏപ്രിൽ 7 ന് അരാംഭിച്ചിരിക്കുയാണ്. ജൂൺ 15-ന് അഫിലിയേഷൻ അവസാനിക്കുന്നതായിരിക്കും. ജൂൺ 30 വരെ ഫൈനോടുകൂടി സ്വീകരിക്കുന്നതാണ്. അഫിലിയേഷൻ നടത്തുന്ന എല്ലാവർക്കും ഐ.ഡി. കാർഡ് നൽകുന്നതാണ്. അഫിലിയേഷനുവേണ്ടി വ്യക്തതയുള്ള ഫോട്ടോകൾ മാത്രമെ നൽകാവൂ.

## 13-ാമത് നിരണം തീർത്ഥാടനം

13-ാമത് നിരണം തീർത്ഥാടനം ജൂലൈ 2 ഞായറാഴ്ച രാവിലെ 8.30-ന് കത്തീഡ്രൽ പള്ളിയിൽനിന്നും ആരംഭിക്കുന്നതാണ്. യൂണിറ്റുകൾ തീർത്ഥാടനത്തിനുവേണ്ടി നേരത്തെതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

## പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പുകൾ

യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രാർത്ഥനാ പഠന പരിശീ

ലന ക്യാമ്പുകൾ മെയ് മാസം 12, 13, 14 തീയതികളിൽ ചങ്ങനാശ്ശേരി ഫൊറോനാ ക്യാമ്പോടെ ആരംഭിക്കുന്നതാണ്. ഫൊറോനകൾ ക്യാമ്പു നടത്താനുള്ള സ്ഥലങ്ങൾ നേരത്തെ തന്നെ കണ്ട് നിശ്ചയിക്കേണ്ടതാണ്.

## നേത്രദാനപരിപാടി "ഷെയർ വിഷൻ"

നേത്രദാനപരിപായിടുടെ ഭാഗമായി 'ഷെയർ വിഷൻ' എന്ന പേരിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ച് ഏപ്രിൽ 29 ശനിയാഴ്ച രാവിലെ 10 മണി മുതൽ സെമിനാറും, 'ബ്ലയിന്റ് വാക്കും" നടത്തുന്നു.

## YTP (യൂത്ത് ട്രെയിനിംഗ് പ്രോഗ്രാം)

YTP യുടെ പുതിയ ബാച്ച് മെയ് 13 ശനിയാഴ്ച രാവിലെ 10 മണിക്ക് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. ഈ കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതിരൂപതാ ഓഫീസിൽ പേരു നൽകേണ്ടതാണ്.

## മെയ്മാസത്തെ പരിപാടികൾ

മെയ് 1 - മെയ്ദിനം - തൊഴിലാളി ദിനം

5,6 - വെഞ്ചെമ്പ്, നരിക്കല്ല്

7 - ആയൂർ, ചെറിയവെളിനല്ലൂർ

13 - YTP - ആരംഭം

12,13,14 - ചങ്ങനാശേരി ഫൊറോന ക്യാമ്പ്

19,20,21 - ക്യാമ്പ്

26,27,28 - ക്യാമ്പ്

**ഫാ. ജേക്കബ് ചക്കാത്ര**
ഡയറക്ടർ

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും, ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും, നെടുംങ്കുന്നം മദർതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ വച്ച് എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചന വിസ്മയ ഹാളിൽ എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ നടത്തി വരുന്നു.

**ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ<br>മരിയ ഹോമിയോ<br>ഡിസ്പെൻസറി തത്തംപള്ളി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി<br>പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്. ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം<br>സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല<br>പ്രിൻസ് ഹോമിയോപതിക്<br>സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനി<br>2 മുതൽ 4 വരെ | ഡോ. സി. ജെ. ജോസഫ്<br>ഡോ. ജെയിംസ് ജാസഫ് |
| അതിരമ്പുഴ സെൻ മേരീസ്<br>ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും<br>10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽനടത്തിവരുന്ന നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ കോട്ടയം ജില്ലാ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ചും, പത്തനംതിട്ട ജില്ലാ സമ്മേളനം പത്തനംതിട്ട പ്രത്യാശ കേന്ദ്രത്തിൽ വച്ചും നടത്തി. ഒരു കുട്ടിക്ക് 500 രൂപാ വച്ച് 130 കുട്ടികൾക്ക് 65,000/- രൂപായും 5 കുട്ടികൾക്ക് 1,000/- രൂപാ വച്ച് 5000/- രൂപായും, ന്യുട്രീഷൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം** മെയ് 11 മുതൽ മെയ് 14 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**0469 2693413, 2690414, 9495193406**

**ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819 / 9447778093**

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി ഇപ്പോൾ മേഖലാതലത്തിൽ ഭാരവാഹികളുടെ സമ്മേളനങ്ങൾ നടത്തിവരികയാണല്ലോ. മെയ് മാസത്തിൽതന്നെ എല്ലാ മേഖലകളിലും ഭാരവാഹികളുടെ സമ്മേളനം നടത്തി, മേഖലാ എക്സിക്യൂട്ടീവ് സമിതിയെ തെരഞ്ഞെടുക്കണം. ക്രമമായും ചിട്ടയായും ചാസിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ യൂണിറ്റ്, മേഖലാഭരണസമിതികൾ ഏറെ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു. അതുകൊണ്ട്തന്നെ മേഖലാസമ്മേളനങ്ങളിൽ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതുണ്ട്. ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ, ചാസിന്റെ നിലവിലുള്ള സംവിധാനങ്ങളൊക്കെ സജീവമാകണം. അതിനുതകുന്ന രീതിയിൽ ഓരോ യൂണിറ്റിലും മേഖലയിലും പ്രവർത്തനരൂപരേഖ തയാറാക്കാൻ പുതിയ ഭരണസമിതികൾ ശ്രദ്ധിക്കണം. ഏവരുടെയും സഹകരണം ഭാവി പ്രവർത്തനങ്ങൾക്ക് അഭ്യർത്ഥിക്കുന്നു. യൂണിറ്റ് തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കാൻ സഹകരിച്ച ഡയറക്ടറച്ചന്മാർക്കും ഭാരവാഹികൾക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ഏപ്രിൽ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 316. കാഞ്ചന സുകുമാരൻ | ദീപ്തി | ആറാട്ടുവഴി | ആലപ്പുഴ |
| 317. മിനി കുഞ്ഞുമോൻ | കൃപ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 318. മോനാച്ചൻ ആറ്റുമാലിൽ | ഒരുമ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 319. ശാന്തമ്മ സാമുവൽ | വന്ദന | പങ്ങട | കോട്ടയം |

### (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 80. സാറാമ്മ ജോൺ വയലിൽപീടികയിൽ | കൂരോപ്പട | കോട്ടയം |
| 81. മേരികുട്ടി ജോസഫ് ചെത്തിക്കളം | പച്ച-ചെക്കിടിക്കാട് | എടത്വാ |

| | | |
|---|---|---|
| 82. ആൻസമ്മ ഫിലിപ്പ് കാട്ടുങ്കൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 83. സി.വി. ആന്റണി ചിറയിൽ | പഴവങ്ങാടി | ആലപ്പുഴ |
| 84. വർഗ്ഗീസ് പി.എം. പോളക്കാട് | പഴവങ്ങാടി | ആലപ്പുഴ |
| 85. കെ.കെ. സുധൻ കൂട്ടുങ്കൽ | പഴവങ്ങാടി | ആലപ്പുഴ |

### (3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ഏപ്രിൽ മാസം** 7 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 33,903/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. പ്രമോദ് ജോർജ്ജ്, കൈതവന | കൊടുപ്പുന്ന | 1913 |
| 2. തോമസ് ഫിലിപ്പ്, മേലേട്ട് | കറിക്കാട്ടൂർ | 6225 |
| 3. തങ്കമ്മ ജോസ്, മരങ്ങാട്ട് | കൂത്രപ്പള്ളി | 4225 |
| 4. സന്ധ്യാ ജോസഫ്, മാഗ്ലാവിൽ | വെരൂർ | 9600 |
| 5. മിനി സിബി, പറത്താനത്ത് | പുന്നത്തുറ | 4290 |
| 6. ലൗലി ആന്റണി, ഏത്തക്കാട് | മാമ്മൂട് | 4290 |
| 7. ചാക്കോ തോമസ്, പുതുപ്പറമ്പിൽ | മാമ്മൂട് | 3360 |

### (4) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ഏപ്രിൽ മാസം 26 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 54 അപേക്ഷകർക്ക് 77,500/- രൂപ നൽകി.

## അറിയിപ്പ്

**താഴെകൊടുത്തിരിക്കുന്ന തീയതികളിൽ മേഖല PME ക്രമീകരിച്ചിരിക്കുന്നു**

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| മെയ് 6, 2.00 pm | അമ്പൂരി | അമ്പൂരി |
| മെയ് 12, 10.00 am | അതിരമ്പുഴ | അതിരമ്പുഴ |
| മെയ് 12, 2.00 pm | കോട്ടയം | അയർക്കുന്നം |
| മെയ് 6, 2.00 pm | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| മെയ് 16, 2.00 pm | കുറുമ്പനാടം | കുറുമ്പനാടം |
| മെയ് 18, 2.00 pm | കുടമാളൂർ | കുടമാളൂർ |
| മെയ് 19, 10.00 am | എടത്വ | എടത്വ |
| മെയ് 23, 10.30 am | ചങ്ങനാശ്ശേരി, തുരുത്തി | കത്തീഡ്രൽ |
| മെയ് 26, 2.00 pm | മണിമല | മണിമല |
| മെയ് 28, 2.00 pm | കൊല്ലം | ആയൂർ |

## ചാസ് കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ ആരോഗ്യ ഇൻഷുറൻസ് പുതുക്കൽ

ചാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളികളായിട്ടുള്ള കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ ഫാമിലി പോളിസി മെയ് 15 ന് മുൻപായി പുതുക്കേണ്ടതാണ്. പ്രീമിയം തുകയുടെ ഒരു വിഹിതം യൂണിറ്റ് (500 രൂപ) നൽകുമ്പോൾ ബാക്കി തുക ചാസ് സെൻട്രൽ ഓഫീസിൽനിന്നും അടയ്ക്കുന്നതാണ്. യൂണിറ്റ് ഭാരവാഹികൾ പ്രത്യേകം താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പരിശീലന പരിപാടികൾ

കേന്ദ്ര ഖാദി കമ്മീഷന്റെ അംഗീകാരത്തോടെ ചാസ് നടത്തുന്ന പരിശീലന പരിപാടികൾ

| നമ്പർ | കോഴ്സ് | കാലാവധി |
|---|---|---|
| 1 | വുഡ് എൻജിനിയറിംഗ് | 6 മാസം |
| 2 | പഴവർഗ്ഗ സംസ്ക്കരണം | 2 മാസം |
| 3 | ബേക്കറിപരിശീലനം | 2 മാസം |
| 4 | വാഷിംഗ്സോപ്പ് & ഡിറ്റർജന്റ് നിർമ്മാണം | 1 ആഴ്ച |
| 5 | കുടനിർമ്മാണം | 1 മാസം |
| 6 | പേപ്പർ ക്യാരിബാഗ് നിർമ്മാണം | 2 മാസം |
| 7 | തയ്യൽപരിശീലനം | 3 മാസം |
| 8 | അലുമിനിയം ഫാബ്രിക്കേഷൻ | 3 മാസം |
| 9 | മെഴുകുതിരിനിർമ്മാണം | 1 മാസം |
| 10 | എംബ്രോയിഡറി | 1 മാസം |
| 11 | സാരി പെയിന്റിംഗ് | 2 മാസം |
| 12 | ഗ്ലാസ് പെയിന്റിംഗ് | 1 ആഴ്ച |
| 13 | ടോയിലറ്റ് സോപ്പ് നിർമ്മാണം | 1 മാസം |
| 14 | അഗർബത്തിനിർമ്മാണം | 1 മാസം |
| 15 | തേനിച്ച വളർത്തലും തേൻ സംസ്ക്കരണവും | 1 മാസം |
| 16 | സെമി ഓട്ടോമാറ്റിക്ക്തറിയിൽ നെയ്ത്ത് | 6 മാസം |
| 17 | ആഭരണനിർമ്മാണം | 15 ദിവസം |
| 18 | കമ്പ്യൂട്ടർ ഡിറ്റിപി മലയാളം ഇംഗ്ളിഷ് | 3 മാസം |
| 19 | വീഡിയോഗ്രഫി ഡിപ്ലോമ | 3 മാസം |
| 20 | ഫോട്ടോഗ്രഫി ഡിപ്ലോമ | 3 മാസം |
| 21 | ടോയ്സ് നിർമ്മാണം | 1 മാസം |
| 22 | ബ്യൂട്ടീഷൻ കോഴ്സ് | 2 മാസം |
| 23 | ചുരിദാർ,സാരി ബ്ലൗസ് സ്റ്റിച്ചിംഗ് | 2 മാസം |

| | |
|---|---|
| 24 മണ്ണിരകമ്പോസ്റ്റ് | 1 ആഴ്ച |
| 25 ഫ്ളവർ മേക്കിംഗ് | 1 ആഴ്ച |

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രായം (16–50) കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റും മുൻഗണനാക്രമത്തിൽ ജോലിയും ലഭിക്കും. കൂടാതെ സർക്കാർ സബ്സിഡിയോടുകൂടി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ വായ്പക്കുള്ള മാർഗനിർദ്ദേശങ്ങളും ലഭ്യമാണ്. പരിശീലനത്തിന് ചേരാനാഗ്രഹിക്കുന്നവർ പേര്, വിലാസം, ജനനതീയതി, വിദ്യാഭ്യാസയോഗ്യത, ചേരാനാഗ്രഹിക്കുന്ന കോഴ്സ്, ഫോൺ നമ്പർ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് മേഖലാ കോ-ഓർഡിനേറ്റേഴ്സുമായി ബന്ധപ്പെടുക.

## സുവർണ്ണാവസരം

വീടുകളിലേക്ക് ആവശ്യമായ ഫർണിച്ചർ, ഇന്റീരിയർ വർക്ക്, കിച്ചൺ ഡിസൈനിംഗ്, ദൈവാലയ നിർമ്മാണം, സ്ക്കുൾ-മഠങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫർണിച്ചർവർക്കുകൾ ഉന്നത ഗുണമേന്മയിൽ സ്വാശ്രയസംഘങ്ങൾവഴി മിതമായ നിരക്കിൽ ചെയ്തു കൊടുക്കുന്നതാണ്. വർക്ക് ഓർഡറുകൾ ലഭ്യമാക്കുന്ന സ്വാശ്രയസംഘങ്ങൾക്ക് /വ്യക്തികൾക്ക് പ്രത്യേക ഇൻസെന്റീവ് നൽകുന്നതായിരിക്കും. ചാസ് ഫർണിച്ചറിൽനിന്ന് തവണ വ്യവസ്ഥയിൽ ഫർണിച്ചർ വാങ്ങുവാൻ സൗകര്യമുണ്ട്. സ്വാശ്രയസംഘങ്ങൾക്കും ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കും പകുതി തുക അടച്ച് കഴിയുമ്പോൾ ബന്ധപ്പെട്ട സംഘത്തിന്റെ ഉറപ്പിൽ ഫർണിച്ചർ ലഭ്യമാക്കുന്നു. ചാസിന്റെ മാമ്മൂട്, പള്ളിക്കൂട്ടുമ്മ, പള്ളം, കോട്ടയം ഷോറുമുകളിൽ നിന്ന് തവണവ്യവസ്ഥയിൽ പണം അടച്ച് ഫർണീച്ചറുകൾ വാങ്ങാൻ സൗകര്യം ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ചാസ് ഓഫീസുമായി ബന്ധപ്പെടുക.

## മെയ് 30 ന് മേഖലാഭാരവാഹികളുടെ സമ്മേളനം ചാസ്സ് കേന്ദ്ര ഓഫീസിൽ

പുതുതായി തെരഞ്ഞെടുക്കപ്പെട്ട മേഖലാപ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവരുടെ സമ്മേളനം മെയ് 30 ന് രാവിലെ 11 മണിക്ക് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് നടത്തുന്നതായിരിക്കും.

## ഊർജ്ജസംരക്ഷണത്തിന് സോളാർ ഹീറ്ററുകൾ

വീടുകളിലും സ്ഥാപനങ്ങളിലും സോളാർ ഹീറ്ററുകൾ സ്ഥാപിക്കുവാൻ താല്പര്യമുള്ളവർ ചാസ് ഓഫീസുമായി ബന്ധപ്പെടുക, ഫോൺ 9539701153.

## മേഖലവാർത്തകൾ

### യൂണിറ്റ് ഇലക്ഷൻ

ചാസിന്റെ എല്ലാ മേഖലകളിലും 2017-2020 കാലയളവിലേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി.

### കാൻസർ ബോധവത്ക്കരണ സെമിനാർ

മനക്കച്ചിറ യൂണിറ്റിൽ ഏപ്രിൽ 2 ന് സ്ത്രീകളും കാൻസർ രോഗവും എന്ന വിഷയത്തെക്കുറിച്ച് ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ്സെടുത്തു. 62 അംഗങ്ങൾ പങ്കെടുത്തു.

### ചങ്ങാതികൂട്ടം വാർഷികം

കുടമാളൂർ യൂണിറ്റിലെ 'പുലരി' ചങ്ങാതികൂട്ടത്തിന്റെ വാർഷികം ഏപ്രിൽ 23 ന് നടത്തി. ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ആശ പ്രഭാത് ഉദ്ഘാടനം നിർവഹിച്ചു. ചങ്ങാതികൂട്ടം പ്രസിഡന്റ് റോഷൻ വി. സജു അദ്ധ്യക്ഷതവഹിച്ചു. കുമാരി ബിന്ദു സജു പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികളായ ശ്രീ. മാത്യൂസ് മുട്ടത്തുപാടം, ശ്രീ. Z. ജോസഫ്, ശ്രീമതി ഏലിയാമ്മ ചാക്കോ, മേഖലാ കോ-ഓർഡിനേറ്റർ പി.വി. വർക്കി പുതിയാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തി.

### ഏകദിന ശില്പശാലയും മേഖലാ PME യും

ആലപ്പുഴ മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ ഏകദിന ശില്പശാല പഴവങ്ങാടി മാർസ്ലീവാ യോഗശാലയിൽ ഏപ്രിൽ 25 ന് നടത്തി. ഫൊറോനാ വികാരി റവ. ഡോ. ജോസഫ് തൂമ്പുങ്കൽ ശില്പശാല ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ ക്ലാസ് നയിച്ചു. ശ്രീ. പി.ജെ. ചെറിയാൻ പേഴത്തുംമൂട്ടിൽ പഴവങ്ങാടി (പ്രസിഡന്റ്), ശ്രീമതി ആൻസമ്മ അഗസ്റ്റിൻ തത്തംപള്ളി (വൈസ് പ്രസിഡന്റ്), ശ്രീ. കെ. എൽ ജോസഫ് ആറാട്ടുവഴി (സെക്രട്ടറി), ശ്രീ. സെബാസ്റ്റ്യൻ കൈതാരം (ജോയിന്റ് സെക്രട്ടറി) എന്നിവർ ഭാരവാഹികളായുള്ള 15 അംഗകമ്മറ്റിയെ തെരഞ്ഞെടുത്തു.

# ദലിത് കത്തോലിക്കാ മഹാജനസഭ

## DCYL ത്രിദിന യുവജനക്യാമ്പ്

മാറ്റത്തിനനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുവാനും മാറ്റത്തിന്റെ വക്താക്കളാകുവാനും ദലിത് കത്തോലിക്കാ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി ചങ്ങനാശേരി അതിരൂപത 2017 മെയ് 13, 14, 15 തീയതികളിൽ ളായിക്കാട് മേരി റാണി പബ്ലിക്ക് സ്കൂളിൽ ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. യുവജനങ്ങളുടെ വ്യക്തിത്വ വികസനത്തിനുപകരിക്കുന്ന ക്ലാസ്സുകളും, ആക്ടിവിറ്റികളും ഉൾപ്പെടുത്തിയാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. മെയ് 13 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിക്കുന്ന ക്യാമ്പിൽ വിവിധ വിഷയങ്ങളെ അധികരിച്ച് വൈദികരും പ്രഗത്ഭ വ്യക്തികളും ക്ലാസ്സുകൾ നയിക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാർ ക്യാമ്പിൽ യുവജനങ്ങളെ സന്ദർശിക്കുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യും. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

## ചങ്ങനാശേരി അതിരൂപത DCMS ന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ത്രിദിന ക്യാമ്പ്

ചങ്ങനാശേരി അതിരൂപതാ DCMS ന്റെ നേതൃത്വത്തിൽ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ദലിത് കത്തോലിക്കാ സ്കൂൾ വിദ്യാർത്ഥികൾക്കായി (7,8,9,10) അവധിക്കാല ത്രിദിന ക്യാമ്പ് മെയ് 26, 27, 28, തീയതികളിൽ S.B H.S.!S ൽ നടക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാവുന്ന വിവിധ വിഷയങ്ങളെ അധികരിച്ച് പ്രമുഖർ ക്ലാസ്സുകൾ നയിക്കുന്നതാണ്. അഭിവന്ദ്യ പിതാവ് മാർ തോമസ് തറയിൽ ക്യാമ്പ് ഉദ്ഘാടനം യെച്ചും.

ചങ്ങനാശേരി അതിരൂപത DCMS ന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ ഫോറം എക്സിക്യൂട്ടീവ് ഓഫീസിൽ ബഹുമാനപ്പെട്ട അതിരൂപത പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സെക്രട്ടറി ശ്രീ. റ്റോമി മംഗലത്ത് സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി ആമുഖ പ്രസംഗം നടത്തി. തുടർന്നു ചർച്ച നടന്നു.

1. വിദ്യാജ്യോതി ഫണ്ട് പൂർത്തീകരണം സംബന്ധിച്ചായിരുന്നു ചർച്ച.
2. യുവജനക്യാമ്പ് നടത്തുവാൻ തീരുമാനിച്ചു.
3. ഗവൺമെന്റ് തലത്തിലും അതുപോലെ സഭാതലത്തിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും സംഘടിപ്പിക്കണമെന്ന അഭിപ്രായം ഉയർന്നു.
4. വിദ്യാജ്യോതി ഫണ്ട് പിരിവിനോടനുബന്ധിച്ച് മണലാടി, പുന്നക്കുന്നം, വെളിയനാട് തെക്ക്, വെളിയനാട് വടക്ക് യുണിറ്റുകൾ സന്ദർശിക്കുകയുണ്ടായി.
5. ഏപ്രിൽ 30-ാം തീയതി പൂമറ്റം യൂണിറ്റ് സന്ദർശനം.
6. വിദ്യാർത്ഥി ക്യാമ്പ് മുതലായവയാണ് തീരുമാനങ്ങൾ (ക്യാമ്പിന്റെ സ്ഥലം: S.B. H.S.S ചങ്ങനാശേരി)
7. അടുത്ത ഫൊറോനാ സന്ദർശനം ചമ്പക്കുളം ഫൊറോനയിൽ.

അതിരൂപത കമ്മറ്റിക്കുവേണ്ടി,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷിക്കുവാനല്ല പ്രത്യുത, അവൻ വഴി ലോകം രക്ഷ പ്രാപിക്കുവാനാണ്. (യോഹ 3:16-17). ആ പുത്രൻ പരിശു ദ്ധാത്മാവിന്റെ ശക്തിയാൽ, പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിൽ വന്നു പിറന്നു (ലൂക്കാ 1-35).

ആ അമ്മയെ നാം കൂടുതൽ ഓർക്കുന്ന മാസം കൂടിയാണ് മെയ് മാസം. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ സ്നേഹവും, കരുണ യും, ലാളിത്യവുമെല്ലാം നമുക്ക് കൂടുതൽ പ്രചോദനം നൽകുന്ന ഒന്നായിത്തീ രട്ടെ. അതുവഴി പരിശുദ്ധാത്മാവിന്റെ അനുഗ്രഹവും നമുക്ക് ലഭിക്കേണ്ടതു ണ്ട്.

പഴയനിയമത്തിലേക്ക് നാം കൂടുതൽ ആഴത്തിൽ ചെല്ലുമ്പോൾ, ദൈവ ത്തിന്റെ ആത്മാവ്, ദൈവത്തിന്റെ ചൈതന്യം എന്നീ ലിഖിതങ്ങളിലൂടെയാണ് പരിശുദ്ധാത്മാവിനെ കൂടുതൽ മനസിലാക്കുന്നത്. സൃഷ്ടികർമ്മത്തിന്റെ പൂർത്തീകരണത്തിലും ആ ചൈതന്യമാണ് നാം കാണുന്നത്. അവിടെ സർവ്വ ശക്തന്റെ ആഗ്രഹവും പ്രകടിപ്പിക്കുന്നുണ്ട്. "നിങ്ങളിൽ ഒരുവൻപോലും നഷ്ട പ്പെടാതെ സ്വർഗ്ഗപ്രാപ്തി നേടണമെന്നും നമ്മുടെ ലക്ഷ്യവും അതുതന്നെയാ ണല്ലോ! അതിനുവേണ്ടി നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യമാണല്ലോ വിൻസെൻഷ്യൻ സേവനം. ആയതിലേക്ക് നമ്മെ പ്രാപ്തരാക്കുവാൻ ഒരു ആശ യവിനിമയത്തിന്റെ ആവശ്യകത കൂടിയുണ്ട്. അതിനു നമ്മുടെ ഒത്തുചേരലി ലൂടെയേ സാധിക്കുകയുള്ളൂ. ആ ഒത്തുചേരലിൽ പ്രധാനമായിട്ടുള്ളതാണല്ലോ വാർഷികം. ഈ വർഷത്തെ വാർഷികം 2017 മെയ് 14 നു നടക്കുമെന്ന കാര്യം നേരത്തെ അറിയിച്ചിട്ടുള്ളതാണല്ലോ. പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ അന്നേദിവസം കാലത്തെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന പരി പാടികൾ ഏവരുടെയും സാന്നിദ്ധ്യസഹകരണത്തോടുകൂടി ഒരു വൻവിജയമാ ക്കിത്തീർക്കണമെന്ന് ഒരിക്കൽകൂടി അപേക്ഷിച്ചുകൊണ്ട്.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ ഏപ്രിൽമാസ സമ്മേളനം 09-04-2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 പാറേൽ ലീജിയൻഹാളിൽ പ്രസിഡന്റ് ബ്ര. ബേബി മാത്യു മതിച്ചിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രാരംഭപ്രാർത്ഥന, ജപമാല, നിയമഗ്രന്ഥപഠനം, ഇവയ്ക്കുശേഷം വൈസ് പ്രസിഡന്റ് സി. എത്സമ്മ തോമസ് കോട്ടപ്പുറം, ഹാജർ രേഖപ്പെടുത്തി. ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോജോ പുതുവേലിൽ, കൂത്രപ്പള്ളി കൂരിയാ പ്രസിഡന്റ്, സെക്രട്ടറി, സ്വർലോകരാജ്ഞി ചുങ്കപ്പാറ, റോസറിമാതാ പൂമറ്റം, പുതുപ്പള്ളി, എന്നിവർ ഉൾപ്പെടെ കമ്മീസിയത്തിന്റെ 25 പ്രസീദിയങ്ങളിൽനിന്ന് 18 പ്രസീദിയങ്ങളെ പ്രതിനിധീകരിച്ച് 36 ഭാരവാഹികൾക്ക് സി. എത്സമ്മ പരി. അമ്മയുടെ നാമത്തിൽ സ്വാഗതമരുളി.

ട്രഷറർ ബ്ര. ഐസക് ആന്റണി കരിങ്ങണാമറ്റം മാർച്ച് മാസത്തെ വരവ്-ചെലവ് അവതരിപ്പിച്ച് പാസ്സാക്കി. തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി.

ആദ്ധ്യാത്മിക നിയന്താവ് നൽകിയ സന്ദേശം - നോമ്പ് ആചരണത്തിന്റെ പരിസമാപ്തിയിലേക്ക് കടക്കുന്ന ഈ വലിയ ആഴ്ചയിൽ, നോമ്പുകാലം അനുരഞ്ജനത്തിന്റെ കാലമാണ്. നാലുതരത്തിലുള്ള അനുരഞ്ജനമാണ് നമ്മളിൽനിന്ന് ദൈവം ആഗ്രഹിക്കുന്നത്. ഒന്നാമത് പാപത്തെക്കുറിച്ച് ദൈവവുമായുള്ള അനുരഞ്ജനം. രണ്ടാമത് തന്നോടുതന്നെ, മൂന്നാമത് അയൽക്കാരനുമായുള്ള അനുരഞ്ജനം. അവസാനമായി പ്രകൃതിയോടും അനുരഞ്ജനപ്പെടണം.

ഉപരിസഭയുമായി ബന്ധപ്പെടാനാകാതെ ഒരുവർഷത്തിലേറെയായി നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചുങ്കപ്പാറ ഇടവകയിലെ സ്വർലോകരാജ്ഞി പ്രസീദിയം, സെ. ആന്റണി ചർച്ച് പൂമറ്റം, പുതുപ്പള്ളി ഇടവകയിൽ ആരംഭിക്കുന്ന റോസറി മാതാ പ്രസീദിയം ഇവ സന്ദർശിച്ചതിന്റെ റിപ്പോർട്ട് കമ്മീസിയം പ്രസിഡന്റ് സഭയെ ബോദ്ധ്യപ്പെടുത്തി. പാറേൽ ഇടവകയിലെ നാലു പ്രസീദിയങ്ങളെ ഉൾപ്പെടുത്തി പാറേൽ കൂരിയാ രൂപീകരണവും സഭയിൽ അവതരിപ്പിച്ചു പാസ്സാക്കി.

ഇന്നത്തെ കമ്മീസിയം മീറ്റിംഗിൽ പങ്കെടുത്ത അംഗസംഖ്യ അപര്യാപ്തമായിരുന്നതിനാൽ എല്ലാ പ്രസീദിയങ്ങൾക്കും കത്തെഴുതി അറിയിച്ച് 14-05-2017 നു നടക്കുന്ന കമ്മീസിയം മീറ്റിംഗിൽ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടത്താമെന്ന തീരുമാനം കൈക്കൊണ്ടു.

അവസാനപ്രാർത്ഥന നാമകരണപ്രാർത്ഥന, ആശീർവ്വാദം എന്നിവയോടെ മീറ്റിംഗ് 4.30-ന് സമംഗളം പര്യവസാനിച്ചു.

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**ബ്ര. ബേബി മാത്യു മതിച്ചിപ്പറമ്പിൽ**
പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ
(Secular Franciscan Order - SFO)

"സമാധാനം-സൗഭാഗ്യം"

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഉത്ഥിതനായ ഈശോമിശിഹാ നിങ്ങളെ അനുഗ്രഹിക്കട്ടെ! ഉത്ഥാനംവഴി പാപത്തെയും മരണത്തെയും വിജയിച്ച മിശിഹായിലൂടെ കൈവന്ന രക്ഷയിലും, പുതുജീവനിലും നാം ആഹ്ലാദിക്കുന്ന കാലഘട്ടമാണല്ലോ ഉയിർപ്പുകാലം. രാജാധിരാജനായ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത മഹാരഹസ്യത്തെയും, തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പ് പിതാവിനെയും പ്രത്യേകമായി അനുസ്മരിക്കുന്ന ദിവസങ്ങളാണല്ലോ മെയ് മാസത്തിലൂടെ കടന്നുവരുന്നത്. ഈശോയുടെ സ്വർഗ്ഗാരോഹണത്തിരുനാളിന്റെയും, തൊഴിലാളി ദിനമായ മെയ് ദിനത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നതിനോടൊപ്പം തൊഴിലിന്റെ മഹത്വം സ്വന്തം ജീവിതത്തിൽ സാംശീകരിച്ചുകൊണ്ട് നമ്മുടെ കർമ്മമണ്ഡലങ്ങളിലേക്ക് ഇറങ്ങാൻ ഓരോ ഫ്രാൻസിസ്ക്കൻ അല്മായസഭാംഗങ്ങൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അനുസ്മരണ സ്റ്റാൾ

എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിലെ വി. ഗീവർഗീസ് പുണ്യവാളന്റെ തിരുനാളിനോടനുബന്ധിച്ച് SFO എടത്വാ റീജണിന്റെ ആഭിമുഖ്യത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിതത്തിലൂടെ-എന്നപേരിൽ ഒരു അനുസ്മരണം പ്രദർശന സ്റ്റാൾ ക്രമീകരിക്കുന്നു. ഈ സ്റ്റാൾ മെയ് മാസം 3-ാം തീയതി രാവിലെ അഭിവന്ദ്യ മാർത്താണ്ടം രൂപതാ മെത്രാൻ ഡോ. വിൻസെന്റ് മാർ പൗലോസ് ഉദ്ഘാടനം ചെയ്യുന്നതും ഫൊറോനാ വികാരി റവ. ഫാ. ജോൺ മണക്കുന്നേൽ ആശംസ നേരുകയും ചെയ്യുന്നതായിരിക്കും. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിചരിത്രപുസ്തകം, ലഘുലേഖകൾ, നാമകരണപ്രാർത്ഥനാ കാർഡുകൾ, "കേരള അസ്സീസി" എന്ന വാർത്താപത്രിക എന്നിവ ഈ സ്റ്റാൾ വഴി വിതരണം ചെയ്യുന്നതായിരിക്കും.

ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ സഹായമെത്രാനായി അഭിഷിക്തനായ ഡോ. മാർ തോമസ് തറയിൽ പിതാവിന് ഫ്രാൻസിസ്ക്കൻ അല്മായ സഭ ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നതോടൊപ്പം ഈശോയുടെ സ്വർഗ്ഗാരോഹണത്തിന്റെയും മെയ് ദിനത്തിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി ആശംസിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap.**
SFO അതിരൂപതാ Spiritual Assistant

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

# പുരോഹിതനും പുരോഹിതശുശ്രൂഷയും

## (തിരുവചനഭാഗം: മർക്കോ 6,30–7, 37)

ശിഷ്യർക്ക് ഈശോ സ്വയം വെളിപ്പെടുത്തുന്ന ഒരു സുവിശേഷഭാഗമാണ് ഇത്. ആറാം അദ്ധ്യായത്തിൽ 7–13 വാക്യങ്ങളിൽ സുവിശേഷകൻ വിവരിച്ച ശിഷ്യന്മാരുടെ പ്രേഷിതയാത്രയുടെ പരിസമാപ്തി കുറിക്കുന്ന വാചകംകൊണ്ടാണ് ഈ ഭാഗം ആരംഭിക്കുന്നത്: "ശ്ലീഹന്മാർ ഈശോയുടെ അടുത്ത് ഒരുമിച്ചുകൂടി, തങ്ങൾ ചെയ്തതും പഠിപ്പിച്ചതും അറിയിച്ചു" (6,30). പന്ത്രണ്ടു പേരുടെ സംഘത്തെ 'ശ്ലീഹന്മാർ' അഥവാ 'അപ്പസ്തോലന്മാർ' എന്ന് മർക്കോസ് സുവിശേഷകൻ വിശേഷിപ്പിക്കുന്ന ഒരേയൊരു സന്ദർഭമാണിത്. 'ശ്ലീഹന്മാർ' എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവർ' എന്നാണ്. തങ്ങളെ അയച്ചവന്റെ അടുത്തേക്ക് തിരിച്ചുവന്ന് വിവരം ധരിപ്പിക്കുക എന്നത് ഔദ്യോഗിക സന്ദേശവാഹകരുടെ ഉത്തരവാദിത്വമായിരുന്നു. ശ്ലീഹന്മാർ തിരിച്ചുവന്ന് തങ്ങൾ പഠിപ്പിച്ചതും പ്രവർത്തിച്ചതും ഈശോയെ ധരിപ്പിക്കുന്നത് ശ്ലൈഹികശുശ്രൂഷയുടെ ഉറവിടം ഈശോയാണെന്നു വ്യക്തമാക്കുന്നു. നിത്യപുരോഹിതനായ മിശിഹായുടെ ശുശ്രൂഷയാണല്ലോ ശ്ലീഹന്മാരിലൂടെ കൈമാറപ്പെടുന്ന പുരോഹിതശുശ്രൂഷയുടെ ഉറവിടം.

ഗുരുവും അത്ഭുതപ്രവർത്തകനും സൗഖ്യദായകനുമായ ഈശോയെയാണ് ഈ സുവിശേഷഭാഗത്ത് നാം കാണുന്നത്. ദീർഘമായ പ്രബോധനം നല്കുന്ന ഈശോ (6,30–34), അപ്പം വർദ്ധിപ്പിക്കുന്ന ഈശോ (6,35–44), വെള്ളത്തിനു മീതെ നടക്കുന്ന ഈശോ (6,45–52), ഗനേസറത്തിൽ രോഗശാന്തികൾ നല്കുന്ന ഈശോ (6,53–56), യഥാർത്ഥ വിശുദ്ധിയുടെ പ്രബോധകനായ ഈശോ (7,1–23), ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസത്തെ പരീക്ഷിക്കുന്ന ഈശോ (7,24–30), ബധിരനു സൗഖ്യം നല്കുന്ന ഈശോ (7,31–37) എന്നിവയാണ് ഈ സുവിശേഷഭാഗത്തിന്റെ ഉള്ളടക്കം. പുരോഹിതശുശ്രൂഷയുടെ വിവിധ മുഖങ്ങളാണ് ഇവിടെ നമുക്കു വെളിപ്പെടുന്നത്.

### 1. പ്രബോധനശുശ്രൂഷ

*"അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ*

*ആയിരുന്നു. അവൻ അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി.*" (6,34).

തങ്ങളുടെ പ്രേഷിതദൗത്യനിർവഹണത്തിന്റെ വിവരങ്ങളെല്ലാം തിരികെ വന്ന് അറിയിച്ച ശ്ലീഹന്മാരെ അവിടുന്നു വിശ്രമത്തിനായി ക്ഷണിക്കുന്നു: "അനേകം ആളുകൾ അവിടെ വരുകയും പോകുകയും ചെയ്തിരുന്നതിനാൽ ഭക്ഷണം കഴിക്കാൻപോലും അവർക്ക് ഒഴിവു കിട്ടിയിരുന്നില്ല. അതിനാൽ അവൻ പറഞ്ഞു: നിങ്ങൾ ഒരു വിജനസ്ഥലത്തേക്കു വരുവിൻ' അല്പം വിശ്രമിക്കാം" (6,31). തന്റെ ശിഷ്യരെ വിശ്രമിക്കാൻ ക്ഷണിക്കുന്നതിലൂടെ വിശ്രമം മനുഷ്യജീവിതത്തിന് ആവശ്യമുള്ള കാര്യംതന്നെയാണെന്ന് ഈശോ പഠിപ്പിക്കുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം നോക്കാതെ അദ്ധ്വാനിക്കുന്നത് ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കാനുള്ള നമ്മുടെ ആഗ്രഹത്തെയും കഴിവിനെയും പരിമിതപ്പെടുത്തുകയും ഇല്ലാതാക്കുകയും ചെയ്യും. വിശ്രമിക്കാൻ ഒരു വിജനപ്രദേശത്തേയ്ക്കാണ് ഈശോയും ശിഷ്യരും പോയത് (6,31-32). ഗലീലിയിലുള്ള 'താഫ്ഗാ' എന്ന സ്ഥലമായിരുന്നു അത് എന്ന് ചില ബൈബിൾ വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഈശോ പതിവായി പ്രാർത്ഥനയ്ക്ക് പൊയ്ക്കൊണ്ടിരുന്നതും ഗിരിപ്രഭാഷണം നടത്തിയതും ഉത്ഥിതൻ ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടതും ഈ സ്ഥലത്താണെന്നു പറയപ്പെടുന്നു. പ്രാർത്ഥന നമുക്ക് വലിയ വിശ്രമം നല്കുന്ന അനുഭവമാണ് പ്രദാനംചെയ്യുന്നത്. നമ്മെ ഏറ്റമധികം സ്നേഹിക്കുന്ന പിതാവായ ദൈവവുമായുള്ള സ്നേഹസംഭാഷണമാണല്ലോ പ്രാർത്ഥന. അതുകൊണ്ട് അനുദിനമുള്ള വ്യക്തിപരമായ പ്രാർത്ഥനാജീവിതം നമ്മുടെ പുരോഹിതശുശ്രൂഷയുടെ അവശ്യഭാഗമാകണം.

വിശ്രമിക്കാൻ വിജനപ്രദേശത്തേയ്ക്കുപോയ ഈശോയും ശിഷ്യരും അവിടെ കണ്ടത് വലിയ ഒരു ജനക്കൂട്ടത്തെയാണ് (6,34). അവരോട് ഈശോയ്ക്ക് അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെയായിരുന്നു എന്നതാണ് അനുകമ്പ തോന്നുവാൻ കാരണമായത്. അനുകമ്പ തോന്നിയ ഈശോ അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി. നേരം വൈകുന്നതുവരെ പഠിപ്പിക്കുകയും ചെയ്തു (6,35). 'ഇടയനില്ലാത്ത ആടുകളോ'ടാണ് ജനക്കൂട്ടത്തെ ഈശോ ഉപമിച്ചത്. അവരെ അവിടുന്നു ദീർഘമായി പഠിപ്പിക്കുകയും ചെയ്യുന്നു. ഈശോ തന്റെ ഇടയദൗത്യം നിർവഹിക്കുന്നത് ജനക്കൂട്ടത്തെ പഠിപ്പിച്ചുകൊണ്ടാണ്. ജനം ആഗ്രഹിച്ചത് ഒരുപക്ഷേ രോഗശാന്തിയും മറ്റുമായിരിക്കണം. എങ്കിലും അവരുടെ അടിസ്ഥാന ആവശ്യം പ്രബോധനമാണെന്ന് ഇടയൻ തിരിച്ചറിയുന്നു. അജപാലനശുശ്രൂഷയിൽ പ്രബോധനത്തിനുള്ള പ്രാധാന്യത്തെയാണ് ഇവിടെ എടുത്തുകാണിക്കുന്നത്. സഭയുടെ വിശ്വാസപ്രബോധനത്തിന് പുരോഹിതരുടെ അജപാലനശുശ്രൂഷയിൽ പ്രഥമസ്ഥാനമാണുള്ളത് (PO 4). എന്നാൽ, ഇന്ന് ഈ പ്രബോധനശുശ്രൂഷ വളരെയധികം അവഗണിക്കപ്പെടുന്നുണ്ട്. കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ ബൈബിൾ കൺവൻഷനുകൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം പ്രബോധനത്തെക്കാൾ പ്രചോദനത്തിനു പ്രാധാന്യം നല്കുന്ന ശുശ്രൂഷകളായിട്ടാണ് പരിണമിക്കുന്നത്. പ്രബോധനം സ്വീകരിക്കുക എന്നതിനെക്കാൾ അനുഭവങ്ങൾ

തേടുക എന്നതാണ് ഇന്ന് ജനങ്ങളെ കൺവൻഷനുകളിലേക്ക് ആകർഷിക്കുന്നത്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭാസമൂഹം വേണ്ടതുപോലെ നവീകരിക്കപ്പെടുന്നില്ല. ആകയാൽ പുരോഹിതശുശ്രൂഷയിൽ പ്രബോധനശുശ്രൂഷയ്ക്ക് പ്രഥമസ്ഥാനം നല്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

## 2. അജപാലനശുശ്രൂഷ

*"നേരം വൈകിയപ്പോൾ ശിഷ്യന്മാർ അവന്റെയടുത്തു വന്നു പറഞ്ഞു: ഇത് ഒരു വിജനപ്രദേശമാണല്ലോ. സമയവും വൈകിയിരിക്കുന്നു. ചുറ്റുമുള്ള നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലുംചെന്ന്, എന്തെങ്കിലും വാങ്ങി ഭക്ഷിക്കാൻ അവരെ പറഞ്ഞയയ്ക്കുക. അവൻ പ്രതിവചിച്ചു: നിങ്ങൾതന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ. അവർ പറഞ്ഞു: ഞങ്ങൾ ചെന്ന് ഇരുന്നൂറു ദനാറയ്ക്ക് അപ്പം വാങ്ങിക്കൊണ്ടുവന്ന് അവർക്കു ഭക്ഷിക്കുവാൻ കൊടുക്കട്ടെയോ"* (6,35-37).

ഈശോയുടെ അടുത്തെത്താനുള്ള വ്യഗ്രതയിൽ, കഴിക്കാനെന്തെങ്കിലും എടുക്കുന്ന കാര്യം ജനം മറന്നു. അവിടുത്തെ പ്രബോധനത്തിൽ ലയിച്ചിരുന്നപ്പോൾ അവർ തങ്ങളുടെ വിശപ്പും ദാഹവുംപോലും അറിഞ്ഞില്ല. ശിഷ്യന്മാരാണ് അവരുടെ ആവശ്യങ്ങൾ ഈശോയെ അറിയിക്കുന്നത്. ജനങ്ങളെ അടുത്ത ഗ്രാമത്തിലേക്കു പറഞ്ഞയയ്ക്കുവാനാണ് ശിഷ്യന്മാർ നിർദ്ദേശിക്കുന്നത്. അപ്പോൾ ഈശോ പറയുന്നു: "നിങ്ങൾ തന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ" (6,37). സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാനുള്ള ശ്രമമായിരുന്നു ശിഷ്യരുടേത്. പക്ഷേ, ഈശോ നല്ല ഇടയനാണ്. ശിഷ്യന്മാർ അവിടുത്തെ ഇടയദൗത്യത്തിൽ പങ്കുചേരേണ്ടവരാണ്. നല്ല ഇടയൻ ആടുകളെ ചിതറിക്കുന്നവനല്ല; ഒന്നിപ്പിക്കുന്നവനാണ് (യോഹ 10,16). പച്ചപ്പുൽത്തകിടിയെക്കുറിച്ചുള്ള പരാമർശം (6,39-40) ഈ ഇടയദൗത്യത്തെ സൂചിപ്പിക്കുന്നുണ്ട്. ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണം നടത്തുന്നവരുടെ ദൗത്യം ദൈവരാജ്യസമൂഹത്തിനു രൂപംകൊടുക്കുകയാണ്. ഈശോയുടെ വചനം ശ്രവിച്ച് ദൈവരാജ്യസമൂഹമായിക്കൊണ്ടിരിക്കുന്ന ജനങ്ങളെ ചിതറിക്കാൻ പാടില്ല. ഓരോരുത്തരും സ്വന്തം കാര്യംമാത്രം നോക്കുകയല്ല; ഒരു സമൂഹമായി സഹകരണമനോഭാവത്തോടെ എല്ലാവരുടെയും കാര്യം ശ്രദ്ധിക്കുകയാണ് ദൈവരാജ്യസമൂഹത്തിന്റെ അഥവാ സഭയുടെ ശൈലി. ഇപ്രകാരം സഭയെ ഒരു കൂട്ടായ്മയായി പടുത്തുയർത്തുക എന്നതാണ് അജപാലകനെന്ന നിലയിൽ പുരോഹിതന്റെ ദൗത്യം.

അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം പരിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നതാണ്. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തപ്പെടുന്ന ഏക അത്ഭുതം ഇതുമാത്രമാണ്. സഭാസമൂഹങ്ങളുടെയെല്ലാം ജീവിതകേന്ദ്രം പരിശുദ്ധ കുർബാനയായിരുന്നതുകൊണ്ടായിരിക്കണം അതിനെ സൂചിപ്പിക്കുന്ന ഈ അത്ഭുതവിവരണം എല്ലാ സഭാപാരമ്പര്യങ്ങളിലും ഉണ്ടായിരുന്നത്. "അവൻ അഞ്ചപ്പവും രണ്ടു മീനും എടുത്ത് സ്വർഗത്തിലേക്കു നോക്കി, കൃതജ്ഞതാസ്തോത്രം ചെയ്ത് അപ്പം മുറിച്ചതിനുശേഷം ജനങ്ങൾക്കു വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു" (6,41) എന്നു പറയുന്ന വാക്കുകൾ പരിശുദ്ധ കുർബാനയർപ്പണത്തെ

ഓർമ്മിപ്പിക്കുന്നതാണ്. അന്ത്യത്താഴത്തിൽ പരിശുദ്ധ കുർബാന സ്ഥാപനവിവരണവുമായി സമാനത പുലർത്തുന്ന വാക്കുകളാണ് ഇവ (മർക്കോ 14,22). പരിശുദ്ധ കുർബാനയുടെ ഒരു മുന്നാസ്വാദനമായിട്ടാണ് സുവിശേഷകൻ അപ്പം വർദ്ധിപ്പിക്കൽ സംഭവത്തെ മനസ്സിലാക്കിയതെന്നു വ്യക്തമാണ്. സഭയിലെ പുരോഹിതരുടെ അജപാലനശുശ്രൂഷയുടെ ആത്യന്തികലക്ഷ്യം പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുകയാണ്. "സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഉന്നം വച്ചിരിക്കുന്നത് പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ആരാധനക്രമമാണ്; അവളുടെ ശക്തി മുഴുവൻ നിർഗളിക്കുന്ന ഉറവിടവും ആരാധനക്രമമാണ്" എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനം (SC 10) ഇവിടെ തികച്ചും പ്രസക്തമാണ്. അതുകൊണ്ട് പുരോഹിതർ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുകയും അങ്ങനെ ജീവിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

### 3. വിശുദ്ധീകരണശുശ്രൂഷ

"*അവൻ തുടർന്നു: ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നുവരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു*" (7,20-23).

ശുദ്ധിയെപ്പറ്റിയുള്ള പൂർവികരുടെ പാരമ്പര്യത്തിനു വിരുദ്ധമായി, ഈശോയുടെ ശിഷ്യന്മാർ കൈ കഴുകാതെ അപ്പം ഭക്ഷിച്ചതിനെക്കുറിച്ച് ഫരിസേയരും വേദപണ്ഡിതന്മാരും ഈശോയെ ചോദ്യം ചെയ്യുകയും അതിനു മറുപടിയായി യഥാർത്ഥ വിശുദ്ധിയെക്കുറിച്ച് ഈശോ പ്രബോധനം നല്കുകയും ചെയ്യുന്നതാണ് മർക്കോ 7,1-23 വരെയുള്ള സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ദൈവകല്പനയും മനുഷ്യരുടെ മാമൂലുകളും പാരമ്പര്യങ്ങളും തമ്മിലുള്ള വ്യത്യാസം ഈശോ ഊന്നിപ്പറഞ്ഞു. ഏശയ്യായുടെ പ്രവചനം ഉദ്ധരിച്ചുകൊണ്ട് അർത്ഥശൂന്യമായ മാമൂലുകൾ ഈശോ തിരസ്കരിച്ചു. ദൈവഹിതത്തോടുള്ള സമ്പൂർണ്ണ വിധേയത്വമാണ് അതിപ്രധാനം. അധരസേവയല്ല, ഹൃദയസമർപ്പണമാണ് യഥാർത്ഥ ദൈവാരാധന. മാനുഷികപ്രബോധനങ്ങളല്ല, ദൈവകല്പനയത്രേ പാലിക്കേണ്ടത്. ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, എന്നാൽ അവയുടെ അന്തഃസത്തയായ ദൈവഹിതത്തെ അവഗണിക്കുകയും ചെയ്യുന്ന വെറും നൈയാമികമായ ധാർമ്മികത ഈശോ തള്ളിക്കളഞ്ഞു.

യഥാർത്ഥ ധാർമ്മികയെക്കുറിച്ച് പറഞ്ഞതിനെത്തുടർന്ന് ഈശോ യഥാർത്ഥ വിശുദ്ധിയെക്കുറിച്ച് പഠിപ്പിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്ന് സൂചിപ്പിച്ചുകൊണ്ടാണ് ഈ പ്രബോധനം നല്കുന്നത്. അവിടെയുണ്ടായിരുന്ന ജനക്കൂട്ടത്തെ തന്റെ അടുത്തേക്കു വിളിച്ച് ശ്രദ്ധയോടെ കേൾക്കാൻ അവിടുന്നു നിർദ്ദേശിക്കുന്നു (7,14). ഈ ഭാഗത്തെ പ്രബോധനത്തെ 23-ാം വാക്യം സമ്യക്കായി സമാഹരിക്കുന്നു. ബാഹ്യമായ യാതൊന്നുമല്ല, പ്രത്യുത അശുദ്ധമായ

ഹൃദയത്തിൽനിന്നു പുറപ്പെടുന്ന തിന്മകളാണ്, അതായത്, അശുദ്ധമായ ചിന്തകളും മനോഭാവങ്ങളും ചീത്തവാക്കുകളും ദുഷ്പ്രവൃത്തികളുമാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്. അതുപോലെ ശുദ്ധമായ ഹൃദയത്തിൽനിന്നു നിർഗളിക്കുന്ന നന്മകളാണ് -നിർമ്മലമായ ചിന്തകൾ, ശുദ്ധമായ വാക്കുകൾ, സത്പ്രവൃത്തികൾ- മനുഷ്യനെ ശുദ്ധനാക്കുന്നത് എന്ന തത്വം ഈ പ്രബോധനത്തിൽ പരോക്ഷമായി അടങ്ങിയിരിക്കുന്നു. മനുഷ്യനെ ശുദ്ധനാക്കുന്നതും അശുദ്ധനാക്കുന്നതും അവന്റെ ഹൃദയത്തിലെ ആന്തരികനിയോഗമത്രേ. മനുഷ്യൻ കഴുകേണ്ടത് കൈകളല്ല; ഹൃദയമാണ്. മാനസാന്തരവും ഹൃദയപരിവർത്തനവുംവഴി ഹൃദയശുദ്ധി പ്രാപിക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഈ സുവിശേഷഭാഗത്ത് ഈശോ ശിഷ്യന്മാർക്കു നല്കുന്നത്. പുരോഹിതശുശ്രൂഷ അവശ്യം ഈ വിശുദ്ധീകരണശുശ്രൂഷയാണ്. അജപാലനപ്രാമുഖ്യങ്ങളിൽ ഒന്നാമത്തേത് വിശുദ്ധിയിലേക്കുള്ള വിളിയാണെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറയുന്നത് ഇവിടെ തികച്ചും പ്രസക്തമാണ് (ചങ്ക 34). അതുകൊണ്ട് പുരോഹിതൻ ഈ വിശുദ്ധി പ്രാപിക്കാനും വിശുദ്ധിയുടെ ശുശ്രൂഷകനാകാനും പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു.

## 4. വിശ്വാസം വളർത്തുന്ന ശുശ്രൂഷ

*"അവൻ പ്രതിവചിച്ചു. ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ. മക്കളുടെ അപ്പം എടുത്തു നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നതു നന്നല്ല. അവൾ മറുപടി പറഞ്ഞു: കർത്താവേ, അതു ശരിയാണ്. എങ്കിലും, മേശയ്ക്കു കീഴെ നിന്ന് നായ്ക്കളും മക്കൾക്കുള്ള അപ്പക്കഷണങ്ങളുടെ ബാക്കി തിന്നുന്നുണ്ടല്ലോ. അവൻ അവളോടു പറഞ്ഞു: ഈ വാക്കുമൂലം, നീ പോയ്ക്കൊള്ളുക; പിശാചു നിന്റെ മകളെ വിട്ടുപോയിരിക്കുന്നു"* (7,27-29).

യഹൂദരിൽനിന്നുള്ള എതിർപ്പ് വർദ്ധമാനമായതോടെ ഈശോ തന്റെ പ്രവർത്തനം വിജാതീയരുടെയിടയിലേക്ക് വ്യാപിപ്പിക്കുന്നു. 7,1-23 ൽ ബാഹ്യമായ ഇടപെടലുകൾകൊണ്ട് ഒരാൾ അശുദ്ധനാകില്ലെന്നു പഠിപ്പിച്ച ഈശോ 7,24-30 ൽ അതു പ്രാവർത്തികമാക്കി കാണിച്ചുകൊണ്ട് തന്റെ പ്രബോധനം അർത്ഥശങ്കയ്ക്കിടയില്ലാതെ ഉറപ്പിക്കുകയാണ്. യഹൂദരുടെ വിശ്വാസമനുസരിച്ച് വിജാതീയ ദേശത്തേക്കു പ്രവേശിക്കുന്ന ഒരുവൻ അതിനാൽത്തന്നെ അശുദ്ധനായിത്തീരുന്നു. ബോധപൂർവം വിജാതീയരുടെ ദേശത്തേക്കു പ്രവേശിച്ചുകൊണ്ട് യഹൂദചിന്താഗതിയെ ഈശോ പുറന്തള്ളുകയും വിശുദ്ധവും അശുദ്ധവുമായ പ്രദേശങ്ങളെന്ന വേർതിരിവ് ഇല്ലാതാക്കുകയും ചെയ്യുന്നു. അവിടെ വച്ച് സീറോ ഫിനീഷ്യൻ സ്ത്രീയുടെ പിശാചുബാധിച്ച കൊച്ചുമകളെ സുഖപ്പെടുത്തുന്നത് വിശ്വാസത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതാണ്. വിജാതീയരിലൂടെയാണല്ലോ 'വിശ്വാസികളുടെ സമൂഹ'മായി സഭാസമൂഹം രൂപംകൊണ്ടത്. വിജാതീയരുടെ അപ്പസ്തോലനായ വിശുദ്ധ പൗലോസ്ശ്ലീഹായാണ് യഹൂദമതത്തിൽനിന്നും വ്യത്യസ്തമായ ഒരു സമൂഹമായി സഭ രൂപംകൊള്ളുന്നതിന് നിർണ്ണായകമായിത്തീർന്നത്. അപ്രകാരം വിശ്വാസികളുടെ സമൂഹമായി സഭ രൂപംകൊള്ളാനിരിക്കുന്നു എന്നതിന്റെ ഒരു മുൻസൂചനയായി ഈ സംഭവത്തെ പരിഗണിക്കാം.

സിറോ ഫിനീഷ്യൻ സ്ത്രീ വന്ന് ഈശോയുടെ കാല്ക്കൽ വീണ് തന്റെ മകളിൽനിന്നു പിശാചിനെ ബഹിഷ്കരിക്കണമെന്ന് അവനോട് അപേക്ഷിച്ചു (7,25-26). സാധാരണഗതിയിൽ 'അപേക്ഷിച്ചു' എന്നതിന് മർക്കോസ് ഗ്രീക്കിൽ ഉപയോഗിക്കുന്ന വാക്ക് 'അയിത്തേയോ' (aiteo) എന്നതാണ്. എന്നാൽ ഇവിടെ ഉപയോഗിക്കുന്നത് 'എരോത്താവോ' (erotao) എന്ന വാക്കാണ്. അതിന്റെ സൂചന ഇതാണ്: വിശ്വാസത്തോടെ എന്നതിനെക്കാൾ, ഈശോയിൽ ഒരു അത്ഭുതപ്രവർത്തകനെമാത്രം കണ്ടുകൊണ്ടും കാര്യസാദ്ധ്യംമാത്രം ലക്ഷ്യമാക്കിയുമാണ് അവൾ ഈശോയെ സമീപിച്ചത്. ഒരു വിജാതീയ സ്ത്രീ എന്ന നിലയിൽ അവളിൽനിന്നും അതിൽകൂടുതൽ ഒന്നും പ്രതീക്ഷിക്കാനും വയ്യ. അതുകൊണ്ട് അവളുടെ വിശ്വാസത്തെ പരീക്ഷിക്കാനായിട്ടാണ് ഈശോ അവളോട് ഇപ്രകാരം പറഞ്ഞത്: "ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് നന്നല്ല" (7,27). മാത്രമല്ല, ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ദൈവജനത്തിലൂടെയാണ് നടക്കുന്നത്. പഴയനിയമദൈവജനം യഹൂദരാണ്: "ഇസ്രായേൽ എന്റെ പുത്രനാണ്. എന്റെ ആദ്യജാതൻ" (പുറ 4,22). വിജാതീയർ വിശ്വാസത്തിലൂടെ ദൈവപുത്രരാകണം: "തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12). യഹൂദർക്കു നല്കപ്പെട്ട ദൈവപുത്രപദവിയാണ് ക്രൈസ്തവസമൂഹത്തിലേക്കു കൈമാറപ്പെട്ടത്. രക്ഷയുടെ സുവിശേഷത്തെപറ്റി പൗലോസ്ശ്ലീഹാ പറയുന്നു: "സുവിശേഷത്തെപ്രതി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ, വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂദർക്കും പിന്നീടു ഗ്രീക്കുകാർക്കും, അതു രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയാണ്" (റോമാ 1,16). വെല്ലുവിളികളെ നേരിടുമ്പോഴാണ് വിശ്വാസത്തിനു വളർച്ചയുണ്ടാകുന്നത്. വിശ്വാസികളുടെ സമൂഹം വെല്ലുവിളികളെ നേരിടുന്ന സമൂഹമാണ്. അവയെ അതിജീവിച്ച് വിശ്വാസത്തിൽ വളരാൻ സഹായിക്കുന്ന ശുശ്രൂഷ ചെയ്യുവാനാണ് പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത്.

## 5. വിശ്വാസം ജനിപ്പിക്കുന്ന ശുശ്രൂഷ

*"ഈശോ അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവന്റെ ചെവികളിൽ വിരലുകളിട്ടു; തുപ്പലുകൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു. സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് അവനോടു പറഞ്ഞു: എഫ്ഫാത്ത - തുറക്കപ്പെടട്ടെ എന്നർത്ഥം. ഉടനെ അവന്റെ ചെവികൾ തുറന്നു. നാവിന്റെ കെട്ടഴിഞ്ഞു. അവൻ സ്ഫുടമായി സംസാരിച്ചു"* (7,33-35).

മർക്കോസ് സുവിശേഷകൻ മാത്രം രേഖപ്പെടുത്തുന്ന ഒരു സംഭവമാണ് ബധിരനും മൂകനുമായ മനുഷ്യനെ സുഖപ്പെടുത്തുന്ന ഈ അത്ഭുതം. സംസാരത്തിലെ തടസ്സം സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന 'മൊഗിലാലോസ്' (MOGILALOJ) എന്ന വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമേ കാണുന്നുള്ളു. പഴയനിയമത്തിൽ വരാനിരിക്കുന്ന മിശിഹാ നാവിന്റെ കെട്ടുകളഴിക്കും എന്നു പറയുന്ന ഏശയ്യാപ്രവചനത്തിലാണ് ഈ വാക്കു കാണുന്നത് (ഏശ 35,6-7). ഈശോ വരാനിരുന്ന മിശിഹായാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഈശോ അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റി നിർത്തി, അവന്റെ ചെവികളിൽ വിരലുക

ളിടുകയും അവന്റെ നാവിൽ സ്പർശിക്കുകയും സ്വർഗത്തിലേക്കു നോക്കി നെടു വീർപ്പിടുകയും ചെയ്യുന്നത് അവനോടുള്ള അവിടുത്തെ വ്യക്തിപരമായ സ്നേഹ ത്തിന്റെയും കരുതലിന്റെയും അടയാളങ്ങളാണ്. വേണമെങ്കിൽ ഒരു വാക്കു കൊണ്ട് ഈശോയ്ക്ക് ആ മനുഷ്യനെ സുഖപ്പെടുത്താമായിരുന്നു. എങ്കിലും തന്റെ സൗഖ്യശക്തി ഈശോ പകർന്നത് ദൃശ്യമായ അടയാളങ്ങളിലൂടെയാ ണ്. ഈശോ ഇന്നും തന്റെ രക്ഷാകരവും സൗഖ്യദായകവുമായ ശക്തിപകരു ന്നത് ദൃശ്യമായ അടയാളങ്ങളിലൂടെയാണ്. കൂദാശകളെല്ലാം അപ്രകാരമുള്ള അടയാളങ്ങളായി കാണാവുന്നതാണ്. ദൈവത്തിന്റെ സ്നേഹം മാനുഷികഭാ വങ്ങൾ സ്വീകരിച്ചത് ഈശോയിലാണല്ലോ.

ഇപ്രകാരം മാനുഷികഭാവങ്ങൾ സ്വീകരിച്ച ദൈവത്തിന്റെ ജീവനും സ്നേഹ വുമാണ് ശ്ലീഹന്മാർ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്തത് (1 യോഹ 1,1-4). അവരിൽ വിശ്വാസം ജനിപ്പിച്ചതും വളർത്തിയതും ഇപ്രകാര മുള്ള മിശിഹാനുഭവമാണ്. മൂകനും ബധിരനുമായ മനുഷ്യനെ സുഖപ്പെടുത്തിയ ഈ അത്ഭുതം വിശ്വാസത്തിലേക്കു പ്രവേശിപ്പിക്കപ്പെടുന്ന മാമ്മോദീസാ എന്ന കൂദാശയെ അനുസ്മരിപ്പിക്കുന്നതാണ്: "വിശ്വാസം കേൾവിയിൽനിന്നും കേൾവി മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്" എന്നു പൗലോസ്ശ്ലീഹാ പറ യുന്നുണ്ട് (റോമാ 10,17). മാമ്മോദീസായിൽ നമ്മുടെ വിശ്വാസത്തിന്റെ കണ്ണു കളും കാതുകളും തുറക്കപ്പെടുകയും നാം സ്വീകരിക്കുന്ന വിശ്വാസം പ്രഘോ ഷിക്കുവാൻ നമ്മുടെ നാവുകൾ ശക്തമാവുകയും ചെയ്യുന്നു. വിശ്വാസത്തിലേക്ക് ഒരുവനെ ജനിപ്പിക്കുന്ന മാമ്മോദീസാ എന്ന കൂദാശയുടെ പരികർമ്മികളായ പുരോഹിതന്മാർ മാനുഷികഭാവങ്ങൾ സ്വീകരിച്ച ദൈവസ്നേഹത്തിന്റെ ശുശ്രൂ ഷകരാവണം. അവരുടെ അജപാലനശുശ്രൂഷ ഇപ്രകാരമുള്ള ശുശ്രൂഷയാണെ ങ്കിൽ അത് മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുവാനും അവരെ വിശ്വാസത്തിൽ വളർത്താനും അവരെ വിശ്വാസപ്രഘോഷകരാക്കുവാനും സഹായകരമാകും.

**ജീവിതസൂചിക**

1. എന്റെ അജപാലനശുശ്രൂഷയിൽ പ്രബോധനശുശ്രൂഷയ്ക്ക് ഞാൻ എത്ര മാത്രം പ്രാധാന്യം നല്കുന്നുണ്ട്?
2. എന്റെ അജപാലനശുശ്രൂഷ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഉതകുന്നതാണോ?
3. വിശുദ്ധി പ്രാപിക്കാനും വിശുദ്ധിയുടെ ശുശ്രൂഷകനാകാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. വെല്ലുവിളികളെ നേരിടുന്ന വിശ്വാസികളുടെ സമൂഹത്തെ വിശ്വാസത്തിൽ വളരുവാൻ ഞാൻ എങ്ങനെ സഹായിക്കുന്നു?
5. മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുന്നതിനും അവരെ വിശ്വാസത്തിൽ വളർത്തുന്നതിനും വിശ്വാസം പ്രഘോഷിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ഉപകരിക്കുന്ന വിധമാണോ ഞാൻ അജപാലനശുശ്രൂഷ നിർവഹിക്കുന്നത്?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഏപ്രിൽ**

1 ചങ്ങനാശേരി അതിരൂപതാംഗങ്ങളായ മാധ്യമപ്രവർത്തകർക്കായി പി.ആർ-ജാഗ്രതാ സമിതി സംഘടിപ്പിച്ച അർദ്ധദിന സമ്മേളനത്തിലും ചർച്ചയിലും പങ്കെടുത്തു. ഉച്ച കഴിഞ്ഞ് അതിരമ്പുഴ പള്ളിയിൽ നടന്ന അതിരമ്പുഴ-കോട്ടയം-കുടമാളൂർ ഫൊറോ നയിലെ പ്രവാസികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകു ന്നേരം 6 മണിയോടുകൂടി ആലപ്പുഴ പഴവങ്ങാടി ഇടവകയിലെ അജപാലനസന ന്ദർശനം ആരംഭിച്ചു.

2 അജപാലന സന്ദർശനം - ആലപ്പുഴ പഴവങ്ങാടി ഫൊറോനാ ഇടവക.

3 രാവിലെ 6.30-ന് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് ദൈവ വിളി ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് സന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം മെത്രാഭിഷേകത്തിനൊരുക്കമായുള്ള മീറ്റിംഗിൽ സംബന്ധിച്ചു.

4 കരിമ്പനക്കുളം തിരുഹൃദയ സൺഡേസ്കൂൾ സന്ദർശിച്ച് വിശ്വാസോത്സവത്തിൽ പങ്കെടുത്ത കുട്ടികളുമായി സംസാരിച്ചു.

5 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

6 ബഹു. ജോസ് കൊല്ലാംപറമ്പിൽ സി.എം.ഐ. അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം നൽകി.

എടത്വാ പച്ച -ചെക്കിടിക്കാട് സൺഡേസ്കൂൾ വിദ്യാർത്ഥികളുമായി സംസാരിക്കു കയും പുതുതായി നിർമ്മിച്ച മീഡിയാ ഹാളിന്റെ വെഞ്ചരിപ്പ് നിർവ്വഹിക്കുകയും ചെയ്തു.

അസംപ്ഷൻ സൺഡേസ്കൂൾ സന്ദർശിച്ച് വിശ്വാസോത്സവത്തിൽ പങ്കെടുത്ത കുട്ടി കളുമായി സംസാരിച്ചു.

ഉച്ചകഴിഞ്ഞ് വല്ലൂന്നി പള്ളിയിൽ ബഹു. സിറിയക് കൊളംങ്ങോട്ടിൽ അച്ചന്റെ മൃത സംസ്കാര ശുശ്രൂഷയിൽ വി. കുർബാനയ്ക്കും മറ്റു കർമ്മങ്ങൾക്കും ദൈവാലയ ത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അരമനയിൽ നടന്ന ഇന്റർ ഡി പ്പാർട്ടുമെന്റൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

7 രാവിലെ പാസ്റ്ററൽ സെന്റർ ചാപ്പലിൽ വിവാഹ ഒരുക്ക ക്യാമ്പിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് നിർമ്മലപുരം - കരുവള്ളിക്കാട് കുരിശു മല തീർത്ഥാടനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

8 രാവിലെ കത്തീഡ്രൽ ദൈവാലയത്തിലെ നവീകരിച്ച മദ്ബഹാ പുനഃസമർപ്പണം ചെയ്തു, വി. കുർബാനയർപ്പിച്ചു.

അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

വൈകുന്നേരം നെടുമുടി നസ്രത്ത് പാരീഷ് ഹാൾ വെഞ്ചെരിച്ചു.

9 ഓശാനഞായർ തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ച് സന്ദേശം നൽകി.

കത്തീഡ്രൽ ദൈവാലയത്തിലെ ദർശനസമൂഹത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 ആരാധന സന്ന്യാസസമൂഹത്തിന്റെ മാമ്മൂടുള്ള നൊവിഷ്യേറ്റ് ഭവനത്തിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് സന്ന്യാസാർത്ഥിനികളുമായി സംസാരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് പൗവ്വംചിറ ബഹു. മാത്യു അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

11 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കത്തീഡ്രൽ ഇടവകയുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടന്ന മദ്യവിരുദ്ധ റാലി ഉദ്ഘാടനം ചെയ്തു. ചീപ്പുങ്കൽ സെന്റ് ആന്റണീസ് പള്ളിയിൽ നവീകരിച്ച മദ്ബഹയുടെ കൂദാശ നിർവ്വഹിച്ചു.

12 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കത്തീഡ്രൽ ദൈവാലയത്തിൽ കുമ്പസാരിപ്പിച്ചു.

13 പെസഹാ വ്യാഴാഴ്ച രാവിലെ 6.30–ന് കത്തീഡ്രൽ ദൈവാലയത്തിൽ മൂറോൻ കൂദാശ പരികർമ്മം ചെയ്തു.

വൈകുന്നേരം കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാവ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് കാലുകഴുകൽ നടത്തി.

14 പീഡാനുഭവ വെള്ളിയാഴ്ച വൈകുന്നേരം, കത്തീഡ്രൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

15 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ് കത്തീഡ്രൽ ദൈവാലയത്തിൽ പീഡാനുഭവശനിയാഴച തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സമൂഹ മാമ്മോദീസയും, വെള്ളം-തിരി വെഞ്ചരിപ്പും നടത്തി.

16 ഉയർപ്പുതിരുനാൾ കുർബാനയ്ക്ക് കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മികനായി.

17 രാവിലെ ചങ്ങനാശ്ശേരി സി.എം.സി. (സെന്റ് ജോസഫ്) മഠത്തിന്റെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്തു.

ചേന്നങ്കരി കൂലിപ്പുര പള്ളിയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു.

ഉച്ചകഴിഞ്ഞ് പുളിങ്കുന്ന് മഠത്തിൽ സി. തദ്ദേവൂസ് സി.എം.സിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദിവ്യബലിയർപ്പണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം മീഡിയാ വില്ലേജിന്റെ ആഭിമുഖ്യത്തിൽ സമർപ്പിതർക്കായി നടത്തുന്ന കോഴ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പാലായിൽ പള്ളിക്കാപറമ്പിൽ പിതാവിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്തു.

18 അതിരൂപതാ പ്രസ്ബിറ്റേറിയത്തിൽ (Presbyterium) പങ്കെടുത്തു.

19 രാവിലെ വാഴപ്പള്ളി ആരാധനാസന്ന്യാസമൂഹത്തിന്റെ ബഹു. സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും കുർബാനമദ്ധ്യേ സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം എസ്.ബി. സ്കൂളിൽ നടന്ന കോർപ്പറേറ്റ് മാനേജ്മെന്റ് അനദ്ധ്യാപക ഏകദിന സെമിനാറിൽ സമാപന സന്ദേശം നൽകി.

20 രാവിലെ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനികളുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം, വിതുരയിലെ ഓൾ സെയിന്റ്സ് ദൈവാലയ തിരുനാളിൽ പങ്കെടുത്ത് സന്ദേശം നൽകി.

21 സി. ബെനറ്റ് സി.എം.സിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അയർക്കുന്നം പള്ളിയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു.

ഉച്ചകഴിഞ്ഞ് ഭരണങ്ങാനത്ത് നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

22 രാവിലെ കൂത്രപ്പള്ളിയിൽ ആരാധനാ സന്യാസസമൂഹാംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണ കർമ്മത്തിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് മണലാടി പള്ളി കൂദാശയ്ക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. തുടർന്ന് മെത്രാഭിഷേകത്തോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ നടന്ന റംശാ പ്രാർത്ഥനയിൽ സംബന്ധിച്ചു.

23 സഹായ മെത്രാൻ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേകദിനം.

24 കൂത്രപ്പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് കുറിഞ്ഞിപ്പറമ്പിൽ ബഹു. ബിന്നിയച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. കുറുമ്പനാടം പള്ളിയിൽ പ്രാരംഭകൂദാശകൾക്ക് കാർമ്മികത്വം വഹിച്ചു.

25. രാവിലെ പാസ്റ്ററൽ സെന്ററിൽ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ചേർപ്പുങ്കൽ പള്ളിയിൽ ഡീ. ആന്റണി പറവെട്ടിയിലിന്റെ തിരുപ്പട്ട ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് കാക്കനാടു നടന്ന ലിറ്റർജി മീറ്റിംഗിൽ പങ്കെടുത്തു.

26 ഉച്ചകഴിഞ്ഞ് ശ്രീ. റ്റോമി കണയംപ്ലാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. തുടർന്ന് ആലപ്പുഴ തുമ്പോളിയിൽ നടന്ന ആലപ്പുഴ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

27 രാവിലെ കോർപ്പറേറ്റ് മാനേജ്മെന്റ് ടീച്ചേഴ്സിനായി നടത്തപ്പെട്ട ട്രെയിനിംഗ് പ്രോഗ്രാമിൽ സന്ദേശം നൽകി. നെടുങ്ങാടപള്ളിയിൽ വിവാഹമാശീർവദിച്ചു. ഉച്ചകഴിഞ്ഞ് പുതുതായി നിർമ്മിച്ച കാവാലം ലിസ്യു പള്ളി കൂദാശ ചെയ്തു.

അറുനൂറ്റിപാടം തിരുഹൃദയ ദൈവാലയത്തിൽ നടന്ന ധ്യാനത്തിൽ സന്ദേശം നൽകി.

28 രാവിലെ കുറുമ്പനാടം ഫൊറോന ദൈവാലയത്തിൽ തിരുന്നാളിന് കൊടിയേറ്റി. സന്ദേശനിലയത്തിൽ മിഷൻലീഗ് ലീഡേഴ്സിനായി നടത്തപ്പെടുന്ന ക്യാമ്പിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കോട്ടയത്തു നടന്ന AKCC ജൂബിലി ആഘോഷ സമ്മേളനത്തിൽ പതാക ഉയർത്തി സന്ദേശനം നൽകി. ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് തറയിൽ പിതാവിന് നൽകിയ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

# മാർ ജോസഫ് പവ്വത്തിൽ

**ഏപ്രിൽ**

1 ചങ്ങനാശേരി അതിരൂപതാംഗങ്ങളായ മാധ്യമപ്രവർത്തകർക്കായി പി.ആർ-ജാഗ്രതാ സമിതി സംഘടിപ്പിച്ച അർദ്ധദിന സമ്മേളനത്തിൽ പങ്കെടുത്തു.

2 കുറിച്ചി സെമിനാരിയിൽ വച്ച് നടന്ന വെക്കേഷൻ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി.

5 പ്രീസ്റ്റ്ഹോമിൽ ബഹു. കൊളങ്ങോട്ടിൽ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

9 തോട്ടയ്ക്കാട് പള്ളിയിൽ ഓശാനത്തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് ബലിയർപ്പിച്ചു.

12 സന്ദേശനിലയത്തിൽ വച്ച് നടന്ന പെൺകുട്ടികളുടെ വൊക്കേഷൻ സെമിനാറിൽ സന്ദേശം നൽകി.

16 പാറേൽ പള്ളിയിൽ ഉയർപ്പുതിരുനാൾ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

17 കുറുമ്പനാടം അസംപ്ഷൻ പള്ളി സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

21 മണലാടി പള്ളിയിൽ പുതിയതായി നിർമ്മിച്ച കൽക്കുരിശും കൊടിമരവും ആശീർവദിച്ചു.

23 മുട്ടാർ പുതിയ പള്ളിയിൽ ഇടവകത്തിരുനാളിൽ സന്ദേശം നൽകി.

കത്തീഡ്രൽ പള്ളിയിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ സഹകാർമികത്വം വഹിച്ചു.

24 ഇത്തിത്താനം പള്ളിയിൽ ബഹു. ബിന്നി കുറിഞ്ഞിപറമ്പിലച്ചന്റെ പിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

26 കുറിച്ചിയിൽ M.L.F ജനറലേറ്റിൽ വാർഷികധ്യാനത്തിൽ സന്ദേശം നൽകി. തുടർന്ന് S.B ഹൈസ്കൂളിൽ വച്ച് നടന്ന Teachers' Training Programme ൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ടോമി കണയംപ്ലാവിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

27 കാവാലം ലിസ്യു പള്ളിയിൽ പുതുതായി നിർമ്മിച്ച കൽക്കുരിശും, കൊടിമരവും, മണിമാളികയും ആശീർവദിച്ചു.

# ENGAGEMENTS 2017 MAY

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

**May**

1 Departure from Hyderabad
2 Meetings @ Archbishop's House
Pm to Bangalore
3- 5 CBCI standing committe @ Bangalore
6 *Qurbana* @ Edathua
*Kudumbakoottayma* Leader's Meet @ Thatampally, ALPY.
7 *Qurbana* @ Priest Home
jubilee inauguration @ Vadavathoor church
8 Interdepartment meeting @ Archbishop's House
9 Eparchial Directors Meet @ Sandesanilayam
Meeting @ Archbishop's House; Meeting @ Kodungoor
10 prayer for the dead @ cathedral
Course inauguration @ Amala, Parel
Ecclesia Inauguration @ Mount Carmel
11 Reception of Solemn Holy Communion @ Punnathura
Ecclesia @ Mount Carmel
12 Ecclesia @ Mount Carmel
13 Holy *Qurbana* @ Punnathura
DCMS youth camp @ Laikkadu
14 Pastoral Visit @ Vettimukal
major seminarians' Gathering @ Kunnamthanam
15 MLF Jubilee Celebration @ Kurichy
16 Zonal convention of corporate management teachers @ Edathua
18 Engaged
19 Minor orders @ Kunnamthanam
20 Archeparchial Day
Course Conclusion @ Danahalaya
21 *Qurbana* & Presbytery Blessing @ Mannila
Kodimaram Blessing @ Mavelikkara
22 Engaged
23-29 Out of Station
30 selection interview @ Kurichy Seminary

## 2017 MAY

## ENGAGEMENTS

**Mar Thomas Tharayil**
**Auxiliary Bishop**

1 *Qurbana* @ Champakulam, *Qurbana* @ Koduppunna, Meeting @ Cathedral
2 *Qurbana* @ Purakkad
3 *Qurbana* @ Kurumpanadom Assumption; Vestition @ SH Parel
4 *Qurbana* @ Mannanam, *Qurbana* @ Kandamkary
5 *Qurbana* & Class @ FCC Provincial House, Visitors time (10 am -12.30pm, 2.30pm-3.30pm), *Qurbana* @ Karuvatta
6 *Qurbana* @ Kayalpuram, *Qurbana* @ Thirumala
7 Marriage @ Aluva
8 Vestition @ Kanjirappally
9 *Qurbana* @ Kaduvakulam, Nurses' Day @ Chethipuzha, Charity World @ Kurisummood
10 *Qurbana* @ Cathedral
11 Ecclesia @ Kunnamthanam, Visitors time (9.30 am -12.30pm)
12 *Qurbana* @ Kumarakom
13 *Qurbana* @ Edappalayam, vestition @ Punalur, Ordination @ Purakkad
14 *Qurbana* @ Karavaloor, Meeting @ Punnapra
15 DCMS-Camp, MLF Jubilee conclusion @ Kurichy, Marriage @ Cathedral *Qurbana* @ SH Generalate Kottayam
16 Major seminarians' gathering, *Qurbana* @ Chethipuzha, *Qurbana* @ Kumarakom
17 Major Seminarians' Gathering
18 Engaged
19 Message @ Kannady
20 @ Trivandrum
21 *Qurbana* @ Venchempu
22 pm @ Priest home
23 Visitors time (9.30 am -12.30pm)
24 Marriage @ Champakara
25 *Qurbana* @ SABS Athirampuzha
26 pm DCMS students' camp
27 *Qurbana* @ Edathua, message @ Sandeshanilayam
28 *Qurbana* @ Punalur
29 Teachers' gathering @ Amboori
30 *Qurbana* @ Punnakkunnathusserry, Visitors time (9.30 am -12.30pm, 2.30pm-3pm)
31 *Qurbana* @ Mundupalam

# 2017 MAY

## ENGAGEMENTS

**Mar Joseph Powathil**
**Archbishop Emeritus**

01 Deepika Board meeting @ Changancherry
02. @ Kuttikkanam
03 Marriage @ Ratnagiri
06 Golden Jubilee Inauguration @ Vazhappally Gethsameni
09 Idaya sabdham @ Goodness TV
11 M.L.F Yearly Retreat @ Kurichy
12 Eparchial Silver Jubilee @ Kanjirappally
Ecclesia @ Mount Carmel Chethipuzha
14 Major seminarians' gathering
15 M.L.F jubilee concluding gathering @ kurichy
17 Marriage @ Champakulam
18 Corporate Teachers' Zonal Training Programme @ Nedumkunnam
20 *Athiroopathadinam* @ Pacha, Edathua
23 Corporate Teachers' Zonal Training Programme @ St. Anne's
24 *Samarpithasangamam* @ Kurumbanadom.

# വാർത്തകൾ

## ജീവന്റെ സംരക്ഷണം എല്ലാ ക്രൈസ്തവ വിശ്വാസികളുടെയും ഉത്തരവാദിത്തം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

ജീവന്റെ സംരക്ഷണം സഭയെയും ക്രൈസ്തവരെയും ദൈവവിശ്വാസികളെയും എല്ലാ മനുഷ്യ സ്നേഹികളെയും സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഉത്തരാവാദിത്തമാണെന്ന് സീറോമലബാർ സഭാധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി. പ്രോലൈഫ് ദിനത്തോട് അനുബന്ധിച്ച് നല്കിയ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം അഭിപ്രായപ്പെട്ടത്. ജീവൻ ദൈവത്തിൽ നിന്നാണ് വരുന്നതെന്നും ദൈവത്തിൽതന്നെ അത് ചെന്ന് പരിപൂർണ്ണമായ ലക്ഷ്യം സാധിക്കണമെന്നും കർദിനാൾ പറഞ്ഞു. അതുകൊണ്ട് ജീവന് എതിരായുള്ള എല്ലാ വെല്ലുവിളികളെയും വിരുദ്ധപ്രവർത്തനങ്ങളെയും നിയന്ത്രിച്ച് ജീവന്റെ സംരക്ഷണത്തിന് വേണ്ടിയുള്ള ആഹ്വാനവും സംരക്ഷണവും നാം കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു.

ഗർഭച്ഛിദ്രം, ദയാവധം എന്നിവയ്ക്ക് എതിരെ ശരിയായ രീതിയിൽ പ്രതികരിക്കാൻ നമുക്ക് കഴിയണം. എല്ലാവരുടെയും ഇടയിൽ ജീവന്റെ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കാൻ സാധിക്കണം. രോഗങ്ങളെ ദൂരീകരിക്കുന്നത്, പ്രകൃതിസംരക്ഷണം, ജീവജാല സംരക്ഷണം എന്നിവയെല്ലാം ജീവന്റെ സംരക്ഷണത്തിന്റെ വ്യാപകമായ പ്രവർത്തനരീതിയാണെന്നും കർദിനാൾ അഭിപ്രായപ്പെട്ടു.

## ദളിത്കത്തോലിക്കരുടെ ഭവനനിർമാണത്തിനായി 15 കോടിയുടെ പദ്ധതി നടപ്പിലാക്കും: കെസിബിസി

ദളിത്കത്തോലിക്കരുടെ ഭവനനിർമാണത്തിനായി പതിനഞ്ച് കോടിരൂപയുടെ പദ്ധതി നടപ്പിലാക്കാൻ കെസിബിസി എസ്‌സി/എസ്ടി/ബിസി കമ്മീഷൻ തീരുമാനിച്ചു. സർക്കാരിന്റെയുംരൂപതകളുടെയും സന്നദ്ധസംഘടനകളുടെയും ഗുണഭോക്താക്കളുടെയും സഹകരണത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുക. ഭാരത കത്തോലിക്കാസഭ പുറപ്പെടുവിച്ച ദളിത്ശാക്തീകരണ നയരേഖയുടെ സംസ്ഥാനതല പ്രഖ്യാപനവും കർമപദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന യോഗത്തിലാണ് തീരുമാനം.

ദളിത്കത്തോലിക്കരുടെസമഗ്ര സർവേഎടുക്കുന്നതിനും കെസിബിസി എസ്‌സി/എസ്ടി കമ്മീഷൻ വിദ്യാർഥികൾക്കു നല്കുന്ന സ്കോളർഷിപ്പ് തുക ഇരട്ടിയാക്കുന്നതിനും ദളിത്ശാക്തീകരണ നയരേഖയുടെ ബോധവത്കരണം എല്ലാ രൂപതകളിൽ നടത്താനും തീരുമാനിച്ചു. നയരേഖയുടെ ഭാഗമായി കെസിബിസിഎസ്‌സി/എസ്ടി/ബിസി കമ്മീഷൻ ദളിത് അല്മായ ജോയിന്റ് സെക്രട്ടറിയായി ജയിംസ് ഇലവുങ്കലിനെ ചെയർമാൻ മാർജേക്കബ് മുരിക്കൻ നിയമിച്ചു. ദളിത്ശാക്തീകരണ നയരേഖയെ സംബന്ധിച്ച് ഫാ. ജോൺ അരീക്കൽ ക്ലാസ് നയിച്ചു. സമ്മേളനത്തിൽ വിവിധ രൂപതകളിൽ നിന്നായി ഡിസിഎംഎസ്ഡയറക്ടർമാർ, ഭാരവാഹികൾ, പാസ്റ്റൽകൗൺസിൽ സെക്രട്ടറിമാർ, സിസ്റ്റേഴ്സ്, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിനു മുമ്പ് മാർജേക്കബ് മുരിക്കന്റെ നേതൃത്വത്തിൽ ഡിസിഎംഎസ് സംസ്ഥാന ഡയറക്ടർ, ഭാരവാഹികൾ എന്നിവർ മുഖ്യമന്ത്രിയെ സന്ദർശിച്ച് നിവേദനം സമർപ്പിച്ചു.